മൂന്ന് ബില്ലുകളും തീർക്കത്തക്കവിധത്തിലുള്ള തീരുമാനമെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ബി.എ.സി. തീരുമാനം അവസാനം എന്താണെന്ന് ചോദിച്ച അവസരത്തിൽ ഇന്ന് രണ്ട് ബില്ലുകളുടെ കാര്യമാണ് പറഞ്ഞത്. ഇപ്പോൾ ഒരെണ്ണം സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു, രണ്ടാമത്തേത് ലോക്കൽ ബോഡീസ് എന്റർട്ടയിൻമെന്റ് ടാക്സിന്റേതാണ്. ഇത് രണ്ടുമാണ് ഇന്ന് പറഞ്ഞിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: മൂന്ന് ബില്ലുകൾ ഇന്ന് വച്ചിരുന്നു. ബി.എ.സി. കൂടി. പൊതുവായ ഒരു സംസാരം, ചർച്ചകൾക്ക് സമയം അനുവദിക്കണമെന്നതാണ്. ഏതെങ്കിലും കാരണവശാൽ ഇന്ന് തീർന്നില്ലെങ്കിൽ നാളെ എടുക്കാമെന്ന ധാരണയിലാണ്. തൽക്കാലം അടുത്ത നിയമനിർമ്മാണത്തിലേക്ക് കടക്കാം. 1.30 എന്നത് വേവ് ചെയ്യാം.

(2) 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും എന്ന IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഒരു ഡിസ്ക്ഷൻ വരുന്നതുകൊണ്ട് ഒരു ക്ലാരിഫിക്കേഷൻ മന്ത്രി പറഞ്ഞിട്ട് ചർച്ചയ്ക്ക് വരുന്നതായിരിക്കും നല്ലത്. ഇതിനകത്ത് സെക്ഷൻ 3(ബി) എന്നൊരു പുതിയ സെക്ഷൻ കൊണ്ടുവന്നിരിക്കുകയാണ്. മൂന്നിലും നാലിലും എന്തുതന്നെ അടങ്ങിയിരുന്നാലും അത് നിലനിർത്തികൊണ്ടുതന്നെയാണോ 3(ബി) ഉദ്ദേശിക്കുന്നത്? അതോ 3(ബി) മാത്രമേ നിലനിൽക്കുകയുള്ളോ?

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ചൊരു ക്ലാരിഫിക്കേഷൻ പറഞ്ഞാൽ ചർച്ചയ്ക്ക് കുറച്ചുകൂടി സൗകര്യമുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : ഇതിൽ 3(എ) എന്ന ഒരു അമെന്റ്മെന്റ് മുൻപുണ്ടായിരുന്നു. 3(എ) പറയുന്നത്, "Notwithstanding anything contained in section 3 and 4, a local authority may levy entertainment tax based on seating capacity in the manner prescribed." എന്നാണ്. എക്സ്ട്രാക്ട് ചെയ്ത് ഈ ബിൽ എടുത്തതിൽ 3(എ) വന്നിട്ടില്ല. അതുകൊണ്ട് 3(ബി) അനുസരിച്ചാണ് അമ്യൂസ്മെന്റ് പാർക്കിന്റെ എന്റർട്ടയിൻമെന്റ് ടാക്സ് ചുമത്താൻ പോകുന്നത്.

ശ്രീ. മത്തായി ചാക്കോ : 1961-ലെ ആക്ടിൽ മൂന്ന്, നാല് വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും 3(എ) കഴിഞ്ഞിട്ട് 3(ബി) കൊണ്ടുവരികയാണ്. ഇവിടെ മൗലികമായിട്ടുള്ള പ്രശ്നം, വിനോദ നികുതി ഈടാക്കുന്ന സമയത്ത് എൻട്രൻസ് ടാക്സിന്റെ മുകളിൽ 15 ശതമാനം മുതൽ 30 ശതമാനം വരെ നികുതി ചുമത്താമെന്നുള്ളത് നിലനിർത്തികൊണ്ടാണോ അമ്യൂസ്മെന്റ് പാർക്കിന്റെ സ്ലാബുള്ളത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ വന്നത്. ചർച്ചയ്ക്ക്ശേഷം പറയാം. ..... (ബഹളം) ..... നിലവിലുള്ള നികുതി ഹൈക്കോടതി വിധിയെത്തുടർന്ന് .....

മി. സ്പീക്കർ : മന്ത്രിക്ക് ചർച്ച കഴിഞ്ഞിട്ട് സംസാരിക്കാം. പക്ഷേ ഒരു സംശയമുള്ളതുകൊണ്ട് അത് ക്ലാരിഫൈ ചെയ്തുകഴിഞ്ഞാൽ അതിനെപ്പറ്റി കൂടുതൽ ചർച്ച വേണ്ടല്ലോ?

ശ്രീ. എം. വി. ജയരാജൻ : സർ, ഇതിൽ ഇംഗ്ലീഷ് കോപ്പിയും മലയാളം കോപ്പിയും തമ്മിൽ വ്യത്യാസമുണ്ട്. ഇംഗ്ലീഷ് കോപ്പിയിൽ 2 എന്നുപറഞ്ഞ് "After Section 3(a), the following Section shall be inserted" എന്നാണ്. 3(എ) നിലനിൽക്കുമെന്നാണ് ഇംഗ്ലീഷ് കോപ്പി കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ മലയാളം കോപ്പിയിൽ ക്ലോസ് 2 - മൂന്ന് വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂടി ചേർക്കേണ്ടതാണ്. 3(എ) എന്ന് അവിടെയില്ല. 3(എ) ക്ക് 3(ബി) എന്നുപറഞ്ഞ് ഇംഗ്ലീഷിലും 3-ന് ശേഷം 3(ബി) എന്നുപറഞ്ഞ് മലയാളത്തിലും. അപ്പോൾ 3(എ) നിലനിൽക്കുമോ? ഇത് പരിശോധിക്കുന്ന ഒരാൾക്ക് അട്ടർ കൺഫ്യൂഷനുണ്ടാകും. അതൊന്ന് ക്ലാരിഫൈ ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, കൺഫ്യൂഷൻ ഒന്നും വേണ്ട. 3(എ) പ്രകാരമാണ് ഈ അമെന്റ്മെന്റ് ആവശ്യമായി വന്നത്. 3(എ) യിൽ പറയുന്നത് Notwithstanding anything contained in

1.30 P.M.] Sections 3 and 4, a local authority may levy entertainment tax based on seating capacity in the manner prescribed എന്നാണ്. അതനുസരിച്ച് അമ്യൂസ്മെന്റ് പാർക്കിന് സീറ്റിംഗ് കപ്പാസിറ്റിക്ക് അനുസരിച്ച് നികുതി പിരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഹൈക്കോടതി ഈ അമ്യൂസ്മെന്റ് പാർക്കിന്റെ നികുതി പിരിക്കുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. ഇതിനു വ്യക്തമായ ഒരു നിയമം ഉണ്ടെങ്കിലെ ഞങ്ങൾക്ക് വിനോദ നികുതി കിട്ടുകയുള്ളു എന്നു പഞ്ചായത്തുകൾ അപേക്ഷ തന്നിരിക്കുകയാണ്. ആ അപേക്ഷ വളരെക്കാലമായി മാറി മാറി വന്ന ഗവൺമെന്റുകളുടെ പരിഗണനയിൽ ഉണ്ടായിരുന്ന കാര്യമാണ്. ഇതിനുവേണ്ടി രണ്ട് ഘട്ടങ്ങളിലും സെക്രട്ടറിമാരുടെ കമ്മിറ്റി ഗവൺമെന്റ് രൂപീകരിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും അതനുസരിച്ചാണ് ഈ ഭേദഗതി കൊണ്ടുവന്നത്. ഇതിൽ ഇപ്പോഴത്തെ അവസ്ഥയിൽ പഞ്ചായത്തുകൾക്ക് നികുതി കിട്ടുന്നില്ല. ഒരു നിരക്ക് നിശ്ചയിച്ച് പഞ്ചായത്തുകൾക്ക് നികുതി ലഭ്യമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിൽ കൺഫ്യൂഷൻ വന്നത് ഇതിലെ എക്സ്ട്രാക്ട് പറഞ്ഞതിൽ 3(എ) കൊടുത്തിട്ടില്ല. ആ (എ) ഉള്ളതുകൊണ്ട് ..... ഞാൻ ഇംഗ്ലീഷ് കോപ്പിയാണ് എടുത്തത്.... ഇനി സംസാരിച്ചു കഴിഞ്ഞിട്ട് വ്യക്തമാക്കാം ..... (ബഹളം) ..... ഈ നികുതി പിരിക്കുന്നത് കോടതി റദ്ദ് ചെയ്തിരിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇതിനകത്ത് ചെറിയ ഒരു കൺഫ്യൂഷൻ വന്നിട്ടുണ്ട്. 3(ബി) എന്നു പറയുമ്പോൾ 3(എ) കഴിഞ്ഞിട്ടാണ് 3(ബി) വരിക. അപ്പോൾ മന്ത്രി പറയുന്നത് അനുസരിച്ച് 3(എ) കോടതി റദ്ദാക്കിയിട്ടുണ്ടെങ്കിൽ സമ്മതിച്ചു. അതല്ല 3(എ) നിലനിർത്തിക്കൊണ്ടാണ് 3(ബി) വരുന്നതെങ്കിൽ 3(എ)-ൽ എന്തുതന്നെ പറഞ്ഞിരുന്നാലും 3(ബി) ക്കാണ് പ്രാബല്യം എന്ന് ഇതിനകത്ത് പറയണം. ഇവിടെ പറഞ്ഞിരിക്കുന്നത് .....

മി. സ്പീക്കർ: (എ) ഉണ്ടെങ്കിലല്ലേ (ബി) ഉള്ളു.

ശ്രീ. ടി. എം. ജേക്കബ്: മന്ത്രി പറഞ്ഞത് എന്താണെന്നു ചോദിച്ചാൽ ഹൈക്കോടതി 3(എ) റദ്ദാക്കിയെന്നാണ്. സ്റ്റേയാണോ; റദ്ദാക്കലാണോ? സ്റ്റേയും റദ്ദാക്കലും രണ്ടാണല്ലോ, നമ്മൾ സദുദ്ദേശപരമായി ഇപ്പോൾ ഒരു നിയമം കൊണ്ടു വരുമ്പോൾ 3(ബി)-യാണ് നമ്മൾ ഉദ്ദേശിക്കുന്നതെങ്കിൽ 3(എ)-യുടെ ഓപ്പറേഷൻസ് നിർത്തണം. 3(എ)-യും 3(ബി)-യും കൂടി ബില്ലിൽ കിടന്നാൽ അത് കൺഫ്യൂഷനാകും.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : 3(എ) യാണ് 3(ബി) കൊടുക്കാൻ നിർബന്ധിതമായത്. 3(എ) പറയുന്നത് സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിലേ നികുതി പിരിക്കാൻ പറ്റുകയുള്ളൂ എന്നാണ്. അപ്പോൾ 3(എ) നിൽക്കും. 3(ബി) യിൽ പറയുന്നത് ഇവർക്ക് Notwithstanding anything contained in Sections 3 and 4 എന്നിടത്ത് 3(എ) കൂടെ ചേർക്കാം. 3 and 4 subject to such rules അതാണ്. അതിൽ 3(ബി) യിൽ കൊണ്ടുവരുന്ന Notwithstanding anything contained in Sections 3, 3A and 4 എന്നുകൂടി ചേർക്കാവുന്നതാണെങ്കിലും അത് ഒഴിവാക്കിക്കൊണ്ട് നമുക്ക് ഇത് മാത്രമാക്കി ചെയ്യാം. 3(എ) ഉണ്ടായതു കൊണ്ടാണല്ലോ 3(ബി) കൊണ്ടുവരുന്നത്.

മി. സ്പീക്കർ : നമുക്കൊരു കാര്യം ചെയ്യാം. പ്ലീസ്.....പ്ലീസ്.....കൺഫ്യൂഷനുണ്ടെങ്കിൽ ഏതായാലും സ്മാളർ ബോഡി അത് എക്സാമിൻ ചെയ്യുമല്ലോ.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതിനകത്ത് മന്ത്രി ഇപ്പോൾ പറഞ്ഞിരിക്കുന്നത് രണ്ടും നിലനിർത്തിക്കൊണ്ട് നമ്മൾ ഇപ്പോൾ പുതിയ നിയമം ഉണ്ടാക്കുകയാണ്. അപ്പോൾ 3(എ) കൂടി നിൽക്കും എന്നു പറഞ്ഞു. 3(ബി) ചേർക്കുമ്പോൾ 3(എ) ക്ക് കോൺട്രഡിക്ഷനാണ് 3(ബി). അപ്പോൾ നിയമത്തിൽ കൺഫ്യൂഷനുണ്ടാകും.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : ഇത് പറയുന്നത് രണ്ടു വകുപ്പുകളിലും എന്തൊക്കെ അടങ്ങിയിരുന്നാലും എന്ന വാക്ക് ഇതിനകത്തുണ്ട്. Notwithstanding anything contained അതിൽ 3(എ) കൂടി അതിനകത്ത് ചേർക്കാം. അതും ഒഫിഷ്യൽ ഭേദഗതിയായിട്ട് വരും.

ശ്രീ. മത്തായി ചാക്കോ : സർ, 1961 ലെ 3, 4 വകുപ്പുകൾ ഉണ്ടോ ഇല്ലയോ എന്നു അറിയണ്ടേ ? ഞങ്ങൾക്ക് ഈ ബില്ലിനെക്കുറിച്ച് അഭിപ്രായം പറയണമെങ്കിൽ .....

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : അതിൽ പറഞ്ഞിരിക്കുന്നത് Notwithstanding anything contained in Sections 3 and 4 എന്നു പറഞ്ഞാൽ 3 and 4-ൽ എന്തൊക്കെ അടങ്ങിയിരുന്നാലും 3(ബി) നിൽക്കും എന്നാണ്.

ശ്രീ. ടി. എം. ജേക്കബ് : 1961-ൽ ആക്ട് വന്നതിനുശേഷമാണ് 3(എ) നമ്മൾ ചേർക്കുന്നത്. ഇപ്പോൾ വീണ്ടും 2005-ൽ 3(ബി) കൂടി നമ്മൾ ചേർക്കുകയാണ്. അങ്ങനെ ചേർക്കുന്നതിനു നിയമപരമായ തടസ്സമൊന്നുമില്ല. ഇവിടെ വന്നിരിക്കുന്ന കൺഫ്യൂഷൻ (എ) നിലനിർത്തിക്കൊണ്ടാണോ (ബി) വന്നിരിക്കുന്നത് എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസായി ഈ നിയമം നിലവിൽ വന്നു കഴിഞ്ഞു. നമ്മൾ ഇവിടെ സഭയിൽ ചർച്ച ചെയ്യുമ്പോൾ ഇത് നിയമമാണ്. ഈ നിയമം നിലനിർത്തിക്കൊണ്ടാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അതുകൊണ്ടാണ് മന്ത്രിയോട് നമ്മൾ ചോദിക്കുന്നത് ചർച്ചയ്ക്ക് വരുമ്പോൾ നമുക്ക് സഹായകരമായ ഒരു നിലപാട് വേണമല്ലോ ? പഞ്ചായത്തിന് ബുദ്ധിമുട്ട് വരരുതല്ലോ ?

മി. സ്പീക്കർ : ഇതിൽ ഇംഗ്ലീഷിലുള്ള ബില്ലാണ് അവതരിപ്പിച്ചത്. ഇംഗ്ലീഷിലെ ബില്ലിൽ 3(ബി) എന്നും 3(എ) എന്നും പറഞ്ഞിട്ടുണ്ട്. അതിന്റെ അവസാനം പറഞ്ഞിട്ടുണ്ട്. മലയാളത്തിലായപ്പോൾ (എ) എന്നുള്ളത് വിട്ടതുകൊണ്ടാണ് ഈ കൺഫ്യൂഷൻ ഉണ്ടായത്. ഇനി എന്തെങ്കിലും കൺഫ്യൂഷൻ ..... (3B). Notwithstanding anything contained in Sections 3 and 4 and subject to such rules as may be made by Government .....

ശ്രീ. സി. എം. ജേക്കബ് : സെക്ഷൻ 3 വായിച്ചോ ?

മി. സ്പീക്കർ : ശരി, നമുക്ക് മാറ്റാൻ അവസരമുണ്ടല്ലോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :* സർ, അത് ഫെഡിഷ്യൽ അമെന്റുമെന്റായിട്ട് clause by clause-ൽ കൊണ്ടുവരുമെന്നാണ് പറഞ്ഞത്.

ശ്രീ. മത്തായി ചാക്കോ : ഇതിലിപ്പോൾ 1961-ലെ സെക്ഷൻ മൂന്നും 3(എ)-യും നാലും നിലനിർത്തി, അത് ടാക്സ് പിരിക്കുന്നതു സംബന്ധിച്ചാണ്. അത് നിലനിർത്തിക്കൊണ്ടാണോ ഈ അഡീഷണൽ ആനുവൽ ടാക്സ് എന്നുള്ളതാണ് അറിയേണ്ടത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : അതിൽ എന്തൊക്കെ അടങ്ങിയിരുന്നാലും ശരി എന്നാണ് ആ വാക്കിന്റെ അർത്ഥം.

മി. സ്പീക്കർ : പ്ലീസ്..... ഇതിൽ എന്തെങ്കിലും ambiguity ഉണ്ടെങ്കിൽ അദ്ദേഹം അമെന്റ്മെന്റ് കൊണ്ടുവരാം എന്നു പറഞ്ഞ സാഹചര്യത്തിൽ നമുക്ക് ചർച്ച തുടരാം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :* ഇതിനകത്ത് കൺഫ്യൂഷൻസ് ഒന്നും ഇല്ല. ബിൽ ഇൻട്രൊഡ്യൂസ് ചെയ്തു കഴിഞ്ഞു. ഇനി അതിനെ സംബന്ധിച്ച് ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ നമുക്ക് എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ ആ സന്ദർഭത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടത്. അത് ഈ ടൈമിൽ അല്ലെന്നുമാത്രം. നിയമം ആകുന്ന സമയത്ത് 100 ശതമാനം പെർഫക്ട് ആകണം. അങ്ങനെ പെർഫക്ട് ആകുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളുണ്ടെങ്കിൽ രണ്ട് സ്റ്റേജിൽ നമുക്ക് ആ നിർദ്ദേശങ്ങൾ സ്വീകരിക്കാം. സബ്ജക്ട് കമ്മിറ്റിയിലേക്ക് പോകുന്ന സന്ദർഭത്തിലാകാം. ക്ലാസ് ബൈ ക്ലാസായിട്ടുള്ള ചർച്ചകളിലാകാം. ഇത് രണ്ടിലും നമുക്ക് തർക്കമില്ല. നേരത്തെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുകൂടി ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹം മറുപടി പറഞ്ഞതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ഇതൊരു തർക്കത്തിന്റെ പ്രശ്നമല്ല. എന്താണ് നിയമമെന്നു മനസ്സിലാക്കാതെ ചർച്ചയിൽ എന്താണ് പറയുക? 3(എ) 4 എന്നീ സെക്ഷനുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 3(ബി) മാത്രമാണ് ബാധകമെന്നാണ് നിങ്ങൾ കൊണ്ടുവരുന്ന ഭേദഗതിയെങ്കിൽ നമുക്ക് അതനുസരിച്ച് ചർച്ചയാകാം.

മി. സ്പീക്കർ : മിനിസ്റ്റർ പറഞ്ഞല്ലോ?

ശ്രീ. എം. വി. ജയരാജൻ : മിനിസ്റ്റർ പറഞ്ഞതോടുകൂടി കൺഫ്യൂഷൻ കൂടി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :* അല്ല ..... ഇതു വായിച്ചുനോക്ക്.

ശ്രീ. എം. വി. ജയരാജൻ : ഇംഗ്ലീഷിൽ ഒന്നു പ്രിന്റുചെയ്ത് വരിക. മലയാളത്തിൽ മറ്റൊന്നു പ്രിന്റുചെയ്ത് വരിക. പിന്നെ ഞങ്ങൾ എന്തോന്നാണ് ഭേദഗതി അവതരിപ്പിക്കേണ്ടത്?

ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി : ബില്ല് അവതരിപ്പിക്കുന്നത് ഇംഗ്ലീഷിലാണെങ്കിൽ ഇതൊന്ന് വായിച്ചുനോക്ക്. ഈ മുന്നിൽ എന്ത് അടങ്ങിയിരിക്കുന്നു എന്ന് ..... (ബഹളം) .....

മി. സ്പീക്കർ : പ്ലീസ് ..... നമ്മൾ ആവശ്യമില്ലാതെ സമയം കളയരുത്. നമുക്ക് ഇത് കറക്ട് ചെയ്യാൻ സമയമുണ്ട്. ഈ ഡിഫക്ട് കറക്ട് ചെയ്യാൻ സമയമുണ്ട് ..... പ്ലീസ് രാധാകൃഷ്ണൻ .....

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഈ ബില്ലിൽ അദ്ദേഹത്തിന്റെ സദുദ്ദേശത്തെ ചോദ്യം ചെയ്യുന്നില്ല. അദ്ദേഹം നല്ല നിലയിൽ കൊണ്ടുവന്നിരിക്കുന്നതാണ്. പക്ഷേ നമ്മൾ ഈ ബിൽ ഡിസ്ക്കസ് ചെയ്യുമ്പോൾ 3(എ) നിലനിർത്തിക്കൊണ്ടാണ് 3(ബി) വരുന്നതെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കേണ്ട രീതി വേറെയൊന്നായിട്ടു വരും. അതല്ല, 3(എ) മാറ്റിക്കൊണ്ടാണ് 3(ബി) നിലനിർത്തുന്നതെങ്കിൽ ഈ ബില്ലിനോടുള്ള അപ്രോച്ചിൽ മാറ്റം വരുത്തേണ്ടി വരും. അവിടെയാണ് ഒരു കൺഫ്യൂഷൻ ഉള്ളത്. അല്ലാതെ ഈ നിയമം തടസ്സപ്പെടുത്താനൊന്നുമല്ല.

മി. സ്പീക്കർ : അദ്ദേഹം ക്ലിയറാക്കിയല്ലോ. ..... (ബഹളം) ..... ഇത് വളരെ കഷ്ടമാണ്. കാരണം എന്താണെന്നുവച്ചാൽ ഇതിൽ ഡിഫക്ട് ഉണ്ടെങ്കിൽ നമുക്ക് ക്യൂവർ ചെയ്യാൻ സമയമുണ്ട്. പിന്നെ മിനിസ്റ്റർ വളരെ വ്യക്തമായി പറഞ്ഞു. 3(എ)ഉണ്ട്. അത് വിട്ടുപോയതാണ്. അത് തുടരുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ ചർച്ച തുടരാം.

ഡോ. തോമസ് ഐസക് : ഇപ്പോൾ അമ്യൂസ്മെന്റ് പാർക്കിൽ കയറുമ്പോൾ 3-ാം വകുപ്പുപ്രകാരം എന്റർട്ടയിൻമെന്റ് ടാക്സ് ചുമത്താം. അഡ്മിഷനുള്ള ടിക്കറ്റിനുമേൽ നികുതി ചുമത്താം. ഇത് അമ്യൂസ്മെന്റ് പാർക്ക് ഉടമകൾ കോടതിയിൽ ചോദ്യം ചെയ്തിരിക്കുന്നു. ഇപ്പോൾ ഞങ്ങൾക്കുള്ള സംശയം അവരുടെ വാദത്തെ അംഗീകരിച്ച് ഈ അഡ്മിഷനുള്ള ടാക്സ് എടുത്തുകളഞ്ഞ് അതിനു പകരം വാർഷിക നികുതി ഇവിടെ 3(ബി)യിൽ പറയുന്നതുപോലെ ഏർപ്പെടുത്താനാണോ ഉദ്ദേശിക്കുന്നത്? അതങ്ങ് പറഞ്ഞാൽ മതി.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അതെ...അതെ...അതെ ..... (ബഹളം).

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറഞ്ഞതോടുകൂടി പഞ്ചായത്തിന്റെ വരുമാനമേ പോകും ..... (ബഹളം) .....

മി. സ്പീക്കർ : മി. രാധാകൃഷ്ണൻ ..... (ബഹളം) .....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഒരാൾ മാത്രം ചർച്ചയിൽ പങ്കെടുത്താൽ മതിയോ?

ശ്രീ. എം. വി. ജയരാജൻ : ഞങ്ങൾ അനുകൂലിക്കാമെന്ന് വിചാരിച്ചതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ ആകെ കൺഫ്യൂഷനാണ്.

മി. സ്പീക്കർ : നോ.

ശ്രീ. മത്തായി ചാക്കോ : ഇത് നിങ്ങൾ ഒപ്പിച്ച പണിയാണ്. അതിൽ നിങ്ങൾ വീണു. അത്രേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട ചെയറിനും ബഹുമാനപ്പെട്ട മന്ത്രിക്കും ഈ സഭയ്ക്കുമാകെ കൺഫ്യൂഷൻ ആയിട്ടുള്ള ഒരു ബില്ലിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഇതിൽ എന്താണു പറയേണ്ടതെന്ന് അറിയാത്ത സ്ഥിതിയാണ്. കൺഫ്യൂഷൻ ഇല്ലെങ്കിൽ അങ്ങനെ പറയുകയില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട ഐസക്കിനു കൺഫ്യൂഷൻ തീർന്നു. ഇനി കൺഫ്യൂഷൻ ബഹുമാനപ്പെട്ട മെമ്പർക്കു മാത്രമേയുള്ളൂ. തീർന്നില്ലേ? ..... തീർന്നില്ലേ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. തോമസ് ചാഴികാടൻ]

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് (അമന്റ്മെൻറ്) ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. പഞ്ചായത്തുകളിലെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഒരു ലക്ഷ്യംവച്ചുകൊണ്ടാണ് ഇതിന് ഒരു ക്ലാരിറ്റി കൊണ്ടുവരാൻ വേണ്ടി തീരുമാനിച്ചത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ചാണെങ്കിൽ പഞ്ചായത്തുകൾക്ക് വരുമാനം വർദ്ധിക്കുവാനല്ല പോകുന്നത്; പഞ്ചായത്തുകളുടെ വരുമാനമാകെത്തന്നെ ഇല്ലാതാകുന്നതാണ്. അപ്പോൾ എന്ത് ഉദ്ദേശത്തിലാണ് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഞങ്ങൾക്കും സംശയമായിരിക്കുകയാണ്. 1961-ലെ ഈ നിയമത്തിൽ ഇപ്പോൾ ഭേദഗതി കൊണ്ടുവരാൻ പറഞ്ഞ ന്യായം നമ്മുടെ അമ്യൂസ്മെന്റ് പാർക്കുകളിൽനിന്നും ലോക്കൽ ബോഡീസിന് നികുതി പിരിച്ചെടുക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടാണ് എന്നാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദ മേഖലയിൽനിന്നും കൂടുതൽ വരുമാനം ഉണ്ടാക്കുക എന്ന നല്ല ഉദ്ദേശത്തിലാണ് ഈ ബിൽ അല്ലെങ്കിൽ ഓഡിനൻസ് കൊണ്ടുവന്നതെങ്കിൽ അതിനെ നമുക്ക് അംഗീകരിക്കാമായിരുന്നു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനമില്ലാതാക്കുന്ന ഒരു ബില്ലായിട്ടാണ് ഇതിനെ കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഈ നിരാകരണ പ്രമേയം അതിശക്തമായിത്തന്നെ ഞാൻ ഉന്നയിക്കുകയാണ്. മന്ത്രി ഇതിനെ സംബന്ധിച്ച് എന്തെല്ലാം പറഞ്ഞാലും നമുക്കറിയാം, ഇവിടെയുള്ള അമ്യൂസ്മെന്റ് പാർക്കുകളിൽ വലിയ വെട്ടിപ്പും തട്ടിപ്പുമാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തുകൾക്ക് വരുമാനം ഉണ്ടാക്കുവാൻ കഴിയാത്ത സാഹചര്യം അതുകൊണ്ടുതന്നെ വന്നു ചേർന്നിരിക്കുകയാണ്. അപ്പോൾ പഞ്ചായത്തുകളെ സംരക്ഷിക്കുവാൻ വേണ്ടി അല്ലെങ്കിൽ പഞ്ചായത്തുകൾക്ക് വരുമാനം ഉണ്ടാക്കുവാൻ വേണ്ടിയാണ് 1961-ലെ കേരള തദ്ദേശഭരണ സ്ഥാപന വിനോദ നികുതി ആക്ട് ഭേദഗതി ചെയ്യാൻ വേണ്ടി തയ്യാറായത്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ നല്ല ഉദ്ദേശത്തോടുകൂടിയാണെങ്കിൽ ആ ബില്ലിനെ നമ്മളെല്ലാം അനുകൂലിക്കേണ്ടതായിരുന്നു. പക്ഷേ ആ ഉദ്ദേശം അല്ല എന്നുള്ളതുകൊണ്ട് ഞാൻ നേരത്തേ പറഞ്ഞതുപോലെ എതിർക്കേണ്ടിവരികയാണ്. ഈ ബിൽ ഇപ്പോൾ ഭേദഗതി ചെയ്തതുകൊണ്ട് പഞ്ചായത്തുകൾക്ക് കൂടുതൽ വരുമാനമൊന്നും ഉണ്ടാകുവാൻ പോകുന്നില്ല എന്നു തന്നെയാണ് ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്.

ശ്രീ. മത്തായി ചാക്കോ : ഈ ബിൽ മന്ത്രി ഇപ്പോൾ വ്യക്തമാക്കിയ പശ്ചാത്തലത്തിൽ സൂചിപ്പിക്കുകയാണ്, അല്ലെങ്കിൽ അത് പറയേണ്ട കാര്യമില്ല. എറണാകുളത്തെ വീഗാലാന്റ് പോലെയുള്ള വൻകിട അമ്യൂസ്മെന്റ് പാർക്കുകളെ, ഒരു ദിവസം ലക്ഷക്കണക്കിനു രൂപയുടെ എൻട്രൻസ് ഫീസ് വാങ്ങുന്ന അത്തരം കമ്പനികളെ അതിന്റെ ഭാഗമായിട്ട് അവിടുത്തെ പഞ്ചായത്തിന് ഈടാക്കുവാൻ കഴിയുന്ന നികുതിയിൽ നിന്നും അവരെ രക്ഷപ്പെടുത്തി ലക്ഷക്കണക്കിനു രൂപ അവർക്ക് ലാഭമുണ്ടാക്കി കൊടുത്തുകൊണ്ട് വാർഷിക അടിസ്ഥാനത്തിൽ, ഒരു കൊല്ലം ഏഴര ലക്ഷം രൂപ കൊടുത്താൽ മതി. ലക്ഷക്കണക്കിനു രൂപ വീഗാലാന്റ് പോലെയുള്ള അമ്യൂസ്മെന്റ് പാർക്കുകൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയിട്ടുള്ള ഗൂഢ ഉദ്ദേശത്തോടുകൂടിയുള്ള ഒരു ബില്ലാണിതെന്ന് അങ്ങേയ്ക്ക് ബോദ്ധ്യപ്പെടുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അതിൽ സംശയമില്ലല്ലോ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഇവരെ രക്ഷിക്കുന്നതിനു വേണ്ടിയിട്ട് അമ്യൂസ്മെന്റ് പാർക്കുകാർക്കുവേണ്ടിയുള്ളതാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. യഥാർത്ഥത്തിൽ ഈ സഭയെത്തന്നെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത് എന്നത് മെമ്പറുടെ ശ്രദ്ധയിലുണ്ടെന്നാണ് വിചാരിക്കുന്നത്. കാരണം 75(2) ചട്ടപ്രകാരമുള്ള പ്രസ്താവനയിൽ ഇങ്ങനെയൊരു കാര്യം ഉള്ളതായി പറഞ്ഞിട്ടേയില്ല. 3(എ) സസ്പെന്റ് ചെയ്യപ്പെട്ട സാഹചര്യത്തിലാണ് ഇത്തരം ഒരു കാര്യം കൊണ്ടുവരുന്നതെന്ന വിഷയം ഇത് കൊണ്ടുവരുന്നതിനുള്ള പ്രസ്താവനയെ സംബന്ധിച്ച് പറഞ്ഞിട്ടേയില്ല. അപ്പോൾ സഭയെപ്പോലും തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത് എന്നുള്ളത് മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, രണ്ടു മെമ്പർമാരും പറഞ്ഞകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞകാര്യം വളരെ ശരിയാണ്. അതായത് പഞ്ചായത്തുകളുടെ വരുമാനം ഇല്ലാതാക്കുക എന്നുള്ള ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വീഗാലാന്റ് പോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

അസ്സസ്മെന്റ് പാർക്കുകൾ അവിടുത്തെ പഞ്ചായത്തിന് ഏകദേശം എട്ടരക്കോടിയോളം രൂപ കൊടുക്കാനുണ്ട് എന്നുള്ളത് അവർ പരാതിയായി വയ്ക്കുകയും അതു സംബന്ധിച്ച് തീരുമാനമെടുക്കുവാൻ വേണ്ടി ഗവൺമെന്റ് സന്നദ്ധമായിട്ടാണ് കോടതിയിൽ പോകുകയുമൊക്കെ ചെയ്തത്. കീഴ്ക്കോടതി പഞ്ചായത്തിന് അനുകൂലമായി വിധിച്ചു. അത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പഞ്ചായത്ത് ഇപ്പോൾ സുപ്രീം കോടതിയിൽ പോയിരിക്കുകയാണ്. അങ്ങനെ സുപ്രീംകോടതിയിൽ ഇപ്പോൾ കേസ് നിലനില്ക്കുകയാണ്. നമ്മളിങ്ങനെ ഇവിടെ ഒരു നിയമം പാസ്സാക്കിയതുകൊണ്ട് വല്ല ഗുണവുമുണ്ടാകുമോ എന്നുള്ള കാര്യം സംശയമാണ്.. പഞ്ചായത്തുകൾക്ക് കൂടുതൽ വരുമാനമുണ്ടാക്കുവാൻ ഈ ഭേദഗതികൊണ്ട് സാധിക്കുകയില്ല എന്നാണ് എനിക്കു തോന്നുന്നത്. നമുക്കറിയാം പഞ്ചായത്തുകൾക്ക് നിലവിലുണ്ടായിരുന്ന നിയമമനുസരിച്ചുകൊണ്ട് എന്റർടെയിൻമെന്റ് ടാക്സ് 15% മുതൽ 30% വരെ ഈടാക്കുവാൻ വേണ്ടി കഴിയുമായിരുന്നു. ഇപ്പോൾ ഭേദഗതി വരുന്നതോടുകൂടി ഇതിന്റെ പെർസന്റേജ് കുറഞ്ഞുവരികയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്ന ബില്ലിൽ പറഞ്ഞിരിക്കുന്നത് നേരത്തെ 15%വും 30%വും ഈടാക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇപ്പോൾ സ്ലാബ് സിസ്റ്റം കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് അത് പത്തു ശതമാനമായി ചുരുങ്ങുകയാണ്. അതായത് പഞ്ചായത്തുകളുടെ വരുമാനം വർദ്ധിക്കുകയല്ല ചുരുങ്ങുകയാണ്. അതുപോലെ നമുക്കറിയാം ഈ ഗവൺമെന്റ് വന്നതിനുശേഷം സിനിമാ വ്യവസായങ്ങളെ സംരക്ഷിക്കാനെന്നു പറഞ്ഞുകൊണ്ട് സിനിമ ടിക്കറ്റിനുമേൽ ചാർജ്ജ് ചെയ്തിരുന്ന 30% നികുതി ഇല്ലാതാക്കുകയുണ്ടായി. അത് 10 ശതമാനമായി കുറഞ്ഞു. സിനിമാ വ്യവസായത്തെ സംരക്ഷിക്കേണ്ടതാണ് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ മറവിൽ നമ്മുടെ ലോക്കൽ ബോഡീസിനു കിട്ടേണ്ടതായ വരുമാനം ഇല്ലാതാക്കുകയാണ് ചെയ്തത്. ലോക്കൽ ബോഡീസിനു കിട്ടേണ്ടതായ വരുമാനം അങ്ങനെ ഇല്ലാതാക്കുവാൻ പാടില്ലായെന്ന് ഭരണഘടനാപരമായിട്ടുതന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഭരണഘടനയുടെ 243(ഐ)(വൈ) അനുസരിച്ച് പഞ്ചായത്തുകളുടെ സ്വാശ്രയത്വം ഉറപ്പുവരുത്തണമെന്നാണ്. അപ്പോൾ പഞ്ചായത്തുകൾക്ക് നികുതി പിരിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നത് കുറയ്ക്കുവാൻ വേണ്ടി ഈ ഗവൺമെന്റ് വന്ന ഉടൻ തീരുമാനിച്ചു. അതായത് സിനിമാ ടിക്കറ്റിന്റെ ചാർജ്ജ്/നികുതി 10 ശതമാനമായി കുറയ്ക്കാൻവേണ്ടി തീരുമാനിച്ചു. അങ്ങനെ ഗവൺമെന്റ് കുറയ്ക്കുവാൻ വേണ്ടി തീരുമാനിക്കുകയാണെങ്കിൽ അങ്ങനെ കുറയ്ക്കുന്നത് കോമ്പൻസേറ്റ് ചെയ്യാനുള്ള ബാദ്ധ്യതയും ഗവൺമെന്റിന്റേതായിരിക്കണം. അല്ലെങ്കിൽ പഞ്ചായത്തുകൾക്ക് കോമ്പൻസേറ്റ് ചെയ്തു കൊടുക്കുവാനുള്ള നയം സ്വീകരിക്കേണ്ടതായിരുന്നു. പക്ഷേ ഈ ഗവൺമെന്റിന്റെ നയമെന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളെ അങ്ങനെ സംരക്ഷിക്കുക എന്നുള്ളതല്ല. നമുക്കെല്ലാവർക്കും അറിയാം പഞ്ചായത്തുകളോടുള്ള ഒരു സമീപനമെന്നു പറയുന്നത് പഞ്ചായത്തുകളുടെ അധികാരമെല്ലാംതന്നെ കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ്. പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തുകൾക്ക് 33% ഫണ്ട് ടോട്ടൽ ബഡ്ജറ്റിൽ കൊടുക്കുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. ഇ–ാം പഞ്ചവൽസര പദ്ധതിയിൽ 24,000 കോടി രൂപയുടെ പദ്ധതിയാണ് നമ്മൾ വിഭാവന ചെയ്തത്. അതിന്റെ 33 ശതമാനം എന്നുപറയുന്നത് 8,000 കോടി രൂപയാണ്. 8,000 കോടി രൂപ അഞ്ച് വർഷം കൊടുക്കുകയാണെങ്കിൽ ഓരോ വർഷവും 1,600 കോടി രൂപ നിങ്ങൾ പഞ്ചായത്തുകൾക്ക് കൊടുക്കേണ്ടതായിരുന്നു. പക്ഷേ പഞ്ചായത്തുകളെ സംരക്ഷിക്കാനുള്ള അല്ലെങ്കിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു നയം ഈ ഗവണ്മെന്റ് സ്വീകരിക്കാത്തതിന്റെ ഫലമായി പഞ്ചായത്തുകൾക്ക് 1,600 കോടി രൂപ കൊടുക്കാൻ സന്നദ്ധമായില്ല എന്നുമാത്രമല്ല, ഓരോ വർഷവും കൊടുത്ത ഫണ്ട് പരിശോധിക്കുകയാണെങ്കിൽ 8,000 കോടി രൂപയൊന്നും പത്താം പഞ്ചവൽസര പദ്ധതിയിൽ പഞ്ചായത്തുകൾക്ക് കൊടുക്കാൻ പോകുന്നില്ല എന്ന് വ്യക്തമാണ്. പത്താം പഞ്ചവൽസര പദ്ധതി ആരംഭിച്ച ആദ്യവർഷം തന്നെ ഈ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് മാറ്റിവച്ചത് 1,250 കോടി രൂപയായിരുന്നു. 1,600 കോടി രൂപ വയ്ക്കേണ്ട സ്ഥാനത്ത് 1,250 കോടി രൂപ മാത്രമാണ് മാറ്റിവച്ചത്. അങ്ങനെ മാറ്റിവച്ചതിൽ ഏകദേശം 837 കോടി രൂപ മാത്രമാണ് പത്താം പഞ്ചവൽസര പദ്ധതിയുടെ ആദ്യ സാമ്പത്തിക വർഷത്തിൽ കൊടുക്കാൻ തയ്യാറായത്. രണ്ടാം വാർഷിക പദ്ധതിയിലും 1,600 കോടി രൂപ വയ്ക്കേണ്ടതായിരുന്നു. പക്ഷേ കേവലം 1,317 കോടി രൂപ മാത്രമാണ് നീക്കിവെച്ചത്. അതിലും കൊടുത്തത് 1000 കോടിയിൽ താഴെയാണ്. മൂന്നാം വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തേണ്ടിയിരുന്നത് 1,600 കോടി രൂപയാണെങ്കിലും കേവലം 1,250 കോടി രൂപ മാത്രമാണ് കൊടുത്തത്. ഇത് ഇവിടെ ചൂണ്ടിക്കാണിച്ചത് ഗവൺമെന്റിന്റെ നയമെന്നു പറയുന്നത് പഞ്ചായത്തുകൾക്ക് കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കാനോ പഞ്ചായത്ത് സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്താനോ അവയെ സ്വാശ്രയ രീതിയിൽ വളർത്തിയെടുക്കാനോ ഉപകരിക്കുന്നതല്ല എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ്. പഞ്ചായത്തുകളുടെ അധികാരങ്ങൾ കവർന്നെടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതായത് പഞ്ചായത്തുകൾക്ക് ഇപ്പോൾത്തന്നെ സ്വമേധയാ ഓരോ സ്ഥാപനത്തിന്റേയും എന്റർട്ടയിൻമെന്റ് ടാക്സ് നിശ്ചയിക്കാനുള്ള അധികാരം ഉണ്ടായിരുന്നു. ആ അധികാരമെല്ലാം ഗവൺമെന്റിലേക്ക് ഒതുക്കാനുള്ള ഒരു സംവിധാനമാണ് ഈ ബില്ലിൽ കാണാൻ കഴിയുന്നത്. പഞ്ചായത്തുകളും മറ്റ് സ്ഥാപനങ്ങളും തമ്മിൽ തർക്കം ഉണ്ടായാൽ അതിന് പരിഹാരം ഉണ്ടാക്കാൻ വേണ്ടി ഒരു കമ്മിറ്റി തന്നെ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നിശ്ചയിച്ച നിരക്കിൽ കുറവോ കൂടുതലോ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നിയുക്തമായ കമ്മിറ്റിയുടെ സ്വഭാവം പരിശോധിച്ചാൽ തന്നെ അറിയാം, അത് പഞ്ചായത്തുകളുടെ അധികാരമെല്ലാം കവർന്നെടുക്കുന്നതാണെന്ന്. ആ കമ്മിറ്റിയിലെ അംഗങ്ങൾ ഗവൺമെന്റ് സെക്രട്ടറി-തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറി-ഗ്രാമവികസന വകുപ്പ്, ഗവൺമെന്റ് സെക്രട്ടറി-ധനകാര്യം, ഗവൺമെന്റ് സെക്രട്ടറി- എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവരാണ്. അവരാണ് കാര്യങ്ങൾ തീരുമാനിച്ച് അവസാന വിധി പറയേണ്ടവർ. പഞ്ചായത്തുകൾക്ക് അതിൽ യാതൊരു പങ്കാളിത്തവുമില്ല. അമ്യൂസ്മെന്റ് പാർക്കുകൾക്ക് സഹായകമായ നിലപാട് സ്വീകരിക്കാനും വലിയ അഴിമതിക്ക് വഴിയൊരുക്കുന്നതിനും ഉതകുന്ന ഒന്നാണ് എന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കുകയും അഴിമതിക്ക് അവസരം നൽകുകയുമാണ് ഈ ബില്ലിന്റെ ആത്യന്തികമായ ലക്ഷ്യം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഇതിൽ ഇപ്പോൾ സൂചിപ്പിച്ചിട്ടുള്ള നികുതി അസസ്സ്മെന്റിനെ സംബന്ധിച്ചുള്ള കമ്മിറ്റിയെക്കുറിച്ച് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ നിലവിലുള്ള പഞ്ചായത്ത്രാജ് ആക്ട് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മുനിസിപ്പാലിറ്റികളുടേയും ഗ്രാമ പഞ്ചായത്തുകളുടേയും അധികാരത്തിന് നേരെയുള്ള ശരിയായ കൈകടത്തലാണ് ഉണ്ടായിട്ടുള്ളത് എന്നുള്ള കാര്യം മെമ്പറുടെ ശ്രദ്ധയിൽ ഉണ്ടാകുമെന്നാണ് വിചാരിക്കുന്നത്. അത് പരിഹരിക്കാൻ വിധിയിൽ categorization of the amusement park ഒരു കാരണവശാലും അത് കൊടുക്കേണ്ട ചുമതല അല്ല. അതുകൊണ്ട് അത് ഒഴിവാക്കണമെന്ന നിർദ്ദേശം മെമ്പർ ഉന്നയിക്കേണ്ടതല്ലേ? അതോടൊപ്പംതന്നെ ഉദ്യോഗസ്ഥന്മാർ മാത്രമുള്ള കമ്മിറ്റിയെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഏറ്റവും ചുരുങ്ങിയത് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്ത് സെക്രട്ടറിയും എങ്കിലും അതിൽ ഉണ്ടാകണമെന്നുള്ള നിർദ്ദേശം മുന്നോട്ട് വയ്ക്കേണ്ടതല്ലേ?

ശ്രീ. കെ. രാധാകൃഷ്ണൻ : അതുതന്നെയാണ് ഞാൻ പറഞ്ഞു വരുന്നത്. കമ്മിറ്റിയിൽ ജനപ്രതിനിധികളുടെ പങ്കാളിത്തമില്ല. ലോക്കൽ പഞ്ചായത്തിന്റേയോ പഞ്ചായത്ത് അസോസിയേഷന്റേയോ റപ്രസെന്റേറ്റീവ്സിനെ ഈ കമ്മിറ്റിയിൽ വയ്ക്കാതിരിക്കുന്നതിന്റെ ഉദ്ദേശം തന്നെ ഞാൻ നേരത്തെ പറഞ്ഞതാണ്. അതിന്റെ പുറകിൽ അധികാരം കവർന്നെടുക്കാനും അഴിമതി നടത്താനുമുള്ള സൗകര്യമുണ്ടാക്കാൻ വേണ്ടിത്തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അഴിമതി നടത്താൻ വേണ്ടിയാണെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അധികാര വികേന്ദ്രീകരണത്തിനുവേണ്ടി വലിയ വാദം ഉന്നയിച്ച ആളാണ്. അതുപോലെ സമ്പത്തിന്റെയും വികേന്ദ്രീകരണം വേണമെന്ന് വാദിച്ച ആളാണ്. ജില്ലാ കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറായിരുന്ന ആളാണ്. അങ്ങനെ അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ എല്ലാം നല്ലതുപോലെ പങ്കെടുത്തിരുന്ന ആളാണ് ശ്രീ. കുട്ടി അഹമ്മദ് കുട്ടി. പക്ഷേ മന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വന്നു. അധികാരം കേന്ദ്രീകരിക്കാനുള്ള പ്രവണത വളർന്നു വരുന്നതായാണ് തോന്നുന്നത്. അതുകൊണ്ടാണ് ഉദ്യോഗസ്ഥമേധാവികളുടെ കൈകളിലേക്ക് ഈ കാര്യങ്ങൾ കേന്ദ്രീകരിക്കാൻ തയ്യാറായി ഗവൺമെന്റ് മുന്നോട്ട് വന്നിരിക്കുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ചെർക്കളത്തിന്റെ സ്ഥാനത്ത് ശ്രീ. കുട്ടി അഹമ്മദ് കുട്ടി വന്നാലും നയമാണ് പ്രശ്നം എന്നുള്ളതല്ലേ ഇതിൽ വന്നിരിക്കുന്നത്? നമ്മുടെ കൂടെ ജനകീയാസൂത്രണവുമായി കഴിഞ്ഞ കാലത്ത് ശ്രമിച്ചുവെങ്കിലും മന്ത്രിയായ ശേഷം മുഴുവൻ കേന്ദ്രീകരിക്കുകയും ഇപ്പോൾത്തന്നെ ജനാധിപത്യപരമായ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള എല്ലാ പണിയും ചെയ്തുകൊണ്ടിരിക്കുകയുമാണ് എന്നുള്ളതല്ലേ സത്യം. വ്യക്തിപരം അല്ലല്ലോ പ്രശ്നം നയപരമല്ലേ?

ശ്രീ. കെ. രാധാകൃഷ്ണൻ : നയം തന്നെയാണ് പ്രശ്നമെന്ന് ഞാൻ ആദ്യമേ പറഞ്ഞു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം അധികാര വികേന്ദ്രീകരണ പ്രക്രിയ തകർക്കാനും ലോക്കൽ സെൽഫ് ഗവൺമെന്റുകളെ തകർക്കാനും അധികാരം കേന്ദ്രീകരിക്കാനും ഉള്ള നയം തന്നെയാണ് നടപ്പിലാക്കുന്നത്. അതിരപ്പാൾ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി എന്നുപറയുന്ന ഒരു നല്ല മന്ത്രി വന്നതുകൊണ്ട് മാറാൻ പോകുന്നില്ല. ആ ഗവൺമെന്റിന്റെ തുടർച്ചയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകാനോ അവരുടെ സ്ഥിതി മെച്ചപ്പെടുത്താനോ വേണ്ടിയുള്ള ഭേദഗതിയല്ല ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. അതിനാൽ ഇതു സംബന്ധിച്ച് സമഗ്രമായ ചർച്ച അനിവാര്യമാണ്. ചെയറും അംഗങ്ങളുമെല്ലാം ചൂണ്ടിക്കാണിച്ചു. ഇത് എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളതിനെക്കുറിച്ച് യാതൊരു വ്യക്തതയുമില്ലാത്ത സ്ഥിതിയാണ്. സമ്പന്നർക്ക് കൊള്ളലാഭം ഉണ്ടാക്കാൻ വേണ്ടി കൂട്ടുനിൽക്കുന്ന നയം ഉണ്ടാക്കി കൊടുക്കുന്നു എന്നുള്ളതാണ്. അതിന് കൂട്ടുനിൽക്കാൻ കഴിയില്ല. സബ്ജക്ട് കമ്മിറ്റി വളരെ വിശദമായി ചർച്ച നടത്തി ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും വരുമാനവും ഉറപ്പിച്ചു കൊടുക്കത്തക്കവിധത്തിൽ ചിട്ടപ്പെടുത്താനും കുറ്റമറ്റതാക്കാനുമുള്ള നടപടിയുണ്ടാകണം. നിങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു സമീപനം സ്വീകരിക്കുമെന്നൊന്നും ഞങ്ങൾക്ക് പ്രതീക്ഷയില്ല. കാരണം ത്രിതല പഞ്ചായത്തുകളോടുള്ള സമീപനം അതാണ്. അതുകൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ വരുമാനവും സമ്പത്തും ആർജ്ജിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകൾ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ കൊണ്ടുവന്ന് ഇത് കുറ്റമറ്റതാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിന്റെ നിരാകരണപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിൻതാങ്ങുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് വളരെ സഹായകരമായ ബില്ലാണിത് എന്ന വിധത്തിലാണ് ഈ ബിൽ ബന്ധപ്പെട്ട മന്ത്രി കുട്ടി അഹമ്മദ് കുട്ടി ഇവിടെ പൈലറ്റ് ചെയ്തിട്ടുള്ളത്. പക്ഷേ ആ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായ നിലയിലാണ് ബില്ലിന്റെ ഉള്ളടക്കം. മന്ത്രിക്കുതന്നെയുള്ള കൺഫ്യൂഷൻ തീർന്നു വരുമ്പോൾ എത്തിച്ചേരാൻ കഴിയുന്ന നിഗമനവും ഇതുതന്നെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വിനോദ നികുതിയിൽ നിന്നുള്ള വരുമാനം. അത് സിനിമയായാലും അമ്യൂസ്മെന്റ് പാർക്ക് ആയാലും നാടകമായാലും സാംസ്കാരിക പരിപാടികളായാലും അവയിൽ നിന്നും ലഭിക്കുന്ന വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിന്റേയും മുന്നോട്ടുള്ള പോക്കിന്റേയും പ്രധാനപ്പെട്ട ഒരു ഘടകമാണ്. അതുകൊണ്ടുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ സാമ്പത്തികമായ നഷ്ടമുണ്ടാക്കുന്ന ഒരു നടപടിക്കും കൂട്ടുനിൽക്കാൻ പാടില്ലാത്തതാണ്. യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എടുത്തിട്ടുള്ള നടപടികൾ ഓരോന്നായി പരിശോധിച്ചാൽ ഫലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴുത്തിന് കത്തി വയ്ക്കുന്ന തരത്തിലുള്ളവയാണ്.

ഒന്നോ രണ്ടോ സിനിമാ തീയേറ്ററുകളെങ്കിലും ഇല്ലാത്ത പഞ്ചായത്തില്ല. സിനിമാ തീയേറ്ററുകളിൽനിന്നും ലഭിക്കുന്ന വരുമാനം പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനങ്ങളിൽ ഒന്നായിരുന്നു. എന്നാൽ സിനിമാ വ്യാവസായം പ്രതിസന്ധിയാണെന്നു പറഞ്ഞ് സിനിമാ മുതലാളിമാരുമായി ഗവൺമെന്റുണ്ടാക്കിയ അണ്ടർസ്റ്റാന്റിംഗിന്റെയടിസ്ഥാനത്തിൽ നിലവിൽ സിനിമയുമായി ബന്ധപ്പെട്ട് പിരിച്ചുകൊണ്ടിരുന്ന നികുതി 10 ശതമാനത്തിലേക്ക് ചുരുക്കാൻ ഗവൺമെന്റ് മുൻകൈയെടുത്തു. ചില്ലറ നഷ്ടമല്ല ഇത് പഞ്ചായത്തിന് ഉണ്ടാക്കിയത്.

മി. ചെയർമാൻ : അമ്യൂസ്മെന്റ് പാർക്കിനേയും എന്റർട്ടയിൻമെന്റ് ടാക്സിനേയും സംബന്ധിച്ചല്ലേ സംസാരിക്കുന്നത്?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അമ്യൂസ്മെന്റ് പാർക്കിന്റെ നികുതി എങ്ങനെ പിരിക്കാതിരിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്നതിൽ നിന്നും കുറച്ച് നിരക്ക് ലഭ്യമാക്കാൻ എങ്ങനെ സാധിക്കും എന്നുള്ളതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണമല്ലേ മന്ത്രി നടത്തുന്നത്. ഈ ബില്ലിന്റെ ഭാഗമായിട്ട് നികുതി പിരിക്കുന്ന സംവിധാനം തന്നെ ഇല്ലാതാകാൻ പോകുകയാണ്.

മി. ചെയർമാൻ: കൺഫ്യൂഷൻ തീർന്നില്ലേ? മന്ത്രി വളരെ ക്ലിയറായിട്ട് പറഞ്ഞല്ലോ.

ശ്രീ. എം. വി. ജയരാജൻ : കൺഫ്യൂഷൻ തീർന്നു. പഞ്ചായത്തിന്റെ വരുമാനം ഇല്ലാതെയായി. ഇതാണ് മന്ത്രിയുടെ വിശദീകരണംമൂലം വ്യക്തമായതെന്ന് അറിയാമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : 1961-ലെ മൂലനിയമത്തിന്റെ വിനോദ നികുതിയുമായി ബന്ധപ്പെട്ട വകുപ്പുകളെല്ലാം ഇല്ലാതാക്കി ഇത് കൂട്ടിച്ചേർക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ പഞ്ചായത്തിന്റെ വരുമാനം തീർത്തും പോയി. പഞ്ചായത്തുകൾക്ക് വിനോദ നികുതിയിൽനിന്നും എന്തെങ്കിലും പ്രതീക്ഷിക്കാനുള്ള യാതൊരു സാഹചര്യവും ഇല്ലാതാകാൻ പോകുകയാണ്. കിട്ടിവരുന്ന നല്ലൊരു വരുമാനത്തിന്റെ സോഴ്സ് മുതലാളിമാർക്ക് വേണ്ടിയിട്ട് അടച്ചു. സിനിമാ വ്യവസായം പ്രതിസന്ധിയിലാണെന്നാണ് ഇതിന് ഗവൺമെന്റ് പറഞ്ഞ ന്യായം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : നികുതി 10 ശതമാനം കുറച്ചതായിട്ടാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. യഥാർത്ഥത്തിൽ മന്ത്രി പറഞ്ഞ നിലയിലാണ് കാര്യങ്ങൾ നടക്കുന്നതെങ്കിൽ സിനിമാ കൊട്ടകകളിൽനിന്നും നികുതി അടയ്ക്കുകയെന്നുള്ള കാര്യം തന്നെ നടക്കാൻ പോകുന്നില്ല. കാരണം 3 എ പൂർണ്ണമായും റദ്ദാക്കപ്പെടുകയാണ്. ഇനി ആകെ എന്റർട്ടയിൻമെന്റ് ടാക്സായിട്ട് കിട്ടാൻ പോകുന്നത് അമ്യൂസ്മെന്റ് പാർക്ക് ടാക്സ് മാത്രമാണ്. മറ്റുള്ളത് പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടെന്നുള്ളത് മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : തീർച്ചയായിട്ടും. കാരണം അമ്യൂസ്മെന്റ് പാർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ നിന്ന് വിനോദ നികുതി എന്ന ഏർപ്പാട് ഉണ്ടാകാൻ പോകുന്നില്ല. സംസ്ഥാനത്ത് ആകെ ആറോ എട്ടോ അമ്യൂസ്മെന്റ് പാർക്കുകളാണുള്ളത്. അമ്യൂസ്മെന്റ് പാർക്കുകളിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ വലിയ തോതിലുള്ള കുറവുണ്ടാകാൻ ഇടവരുന്ന നിലയിലാണ് കാര്യങ്ങൾ വരാൻ പോകുന്നത്. സിനിമാ വ്യവസായത്തിലെ പ്രതിസന്ധിയുടെ പേര് പറഞ്ഞു ആ ഘട്ടത്തിൽ കുറച്ചുകൊണ്ടുവന്ന നികുതി പോലും ലഭിക്കാത്ത നിലയിലുള്ള പ്രതിസന്ധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകാൻ പോകുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയ 73, 74 ഭരണഘടനയുടെ ഭേദഗതി. പഞ്ചായത്ത്രാജ് നിയമം ഇതൊക്കെ ഇതിന്റെ മൊത്തം കുത്തകയും അവകാശപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ പഞ്ചായത്തിനെ സ്ട്രെങ്തൺ ചെയ്യുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുവെന്ന അവകാശവാദം. നാഴികയ്ക്ക് നാൽപ്പത് വട്ടം ഉന്നയിക്കുന്നവർ ഈ കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്തിനിടയ്ക്ക് പഞ്ചായത്തുകൾക്ക് കൊടുക്കേണ്ട പണം മര്യാദയ്ക്ക് കൊടുക്കാനോ കൊടുത്ത പണം തന്നെ ചെലവഴിച്ചു തീർക്കാനോ ശ്രമിച്ചിട്ടില്ല. ആവശ്യമായ് സൗകര്യങ്ങൾ പഞ്ചായത്തുകൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ? ഇവിടെ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞു ആദ്യം കൊടുത്ത ആയിരത്തി ഇരുന്നൂറിൽ ചിലാനം കോടി രൂപയിൽനിന്ന് 800, 900 കോടി രൂപയാണ് രണ്ടാമത്തേയും മൂന്നാമത്തേയും നാലാമത്തേയും കൊല്ലം സർക്കാർ തിരിച്ച് പിടിച്ചത്. അതേ തോതിൽ പണം തിരിച്ച് പിടിക്കുന്ന .....

മി. ചെയർമാൻ : ശ്രീ. കെ. രാധാകൃഷ്ണൻ വിശദമായിട്ട് പറഞ്ഞു. ഇനി അത് റിപ്പീറ്റ് ചെയ്യണമെന്നുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : എന്തെങ്കിലും ചെയ്യാനുള്ള അവസരമുണ്ടാക്കി പഞ്ചായത്തുകളെ സഹായിക്കുന്നതിനു പകരം പഞ്ചായത്തുകളുടെ കയ്യിലുള്ള അധികാരങ്ങൾ തന്നെ കവർന്നെടുക്കാനാവശ്യമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മന്ത്രിയായി ഞങ്ങളുടെ ജില്ലക്കാരനായ ചെർക്കളം ഉണ്ടായിരുന്ന അവസരത്തിൽ അധികാര കേന്ദ്രീകരണം ഭംഗിയായി നടത്തിയിരുന്നു. ത്രിതല പഞ്ചായത്തുകൾ അധികാരം കൈയാളുന്നതും ഭരിക്കുന്നതും അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. ഞാൻ തന്നെ നേരിട്ട് ഭരിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ നിർബന്ധം. അങ്ങനെയുള്ള കൂട്ടത്തിലാണ് ശ്രീ. കുട്ടി അഹമ്മദ് കുട്ടിയും എന്നുള്ള കാര്യം ഞങ്ങൾക്ക് അറിയില്ലായിരുന്നു. അങ്ങനെയല്ല ഞങ്ങൾ അദ്ദേഹത്തെ കണ്ടിരുന്നത്. അധികാര വികേന്ദ്രീകരണത്തോട്, ജനകീയാസൂത്രണ പ്രസ്ഥാനത്തോട് വലിയ താൽപര്യവും മമതയും ഉണ്ടായിരുന്ന ആളെന്ന നിലയിലാണ് അദ്ദേഹത്തെ ഞങ്ങൾ കണ്ടിരുന്നത്. പക്ഷെ മന്ത്രിയായപ്പോൾ അധികാരം അദ്ദേഹത്തിലേക്ക് കേന്ദ്രീകരിക്കാനുള്ള പ്രവണത തന്നെയാണ് കാണുന്നത്. ഈ കേന്ദ്രീകരണത്തിന്റെ ചില ദോഷഫലങ്ങൾ ഈ ബില്ലുമായി ബന്ധപ്പെട്ട് വന്നു ചേരുന്നുണ്ട്. എനിക്ക് തോന്നുന്നത് ഉദ്യോഗസ്ഥൻമാരെല്ലാം കൂടി ഏറെക്കുറെ മന്ത്രിയെ വെട്ടിലാക്കിയ ബില്ലാണ് ഇതെന്നാണ്. ഇത് ഉണ്ടാക്കിയത് ആരാണെങ്കിലും ഇതിന്റെ മുഴുവൻ ദോഷവും പേറേണ്ടത് മന്ത്രി തന്നെയാണ്.

ശ്രീ. എം. വി. ജയരാജൻ : ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെറിയ കുട്ടിയാണ്. പക്ഷെ ഒരു വലിയ കുട്ടിയാണ് അദ്ദേഹത്തെക്കൊണ്ട് ഇതൊക്കെ ചെയ്യിക്കുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞ ഒരു വലിയകുട്ടിയുണ്ട്. ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയാണ് ഇതിന്റെയെല്ലാം കുഴപ്പം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയാണ് എന്നെക്കൊണ്ട് ഇത് ചെയ്യിച്ചത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടുന്ന വരുമാനം ഇല്ലാതാകുന്ന സ്ഥിതിയാണ്. രണ്ട് മാസം മുൻപ് വന്ന പഞ്ചായത്ത്‌രാജ് മാസികയുടെ മുഖപ്രസംഗമുണ്ട്. ആ മുഖപ്രസംഗത്തിൽ പഞ്ചായത്തുകൾക്കുള്ള വിനോദ നികുതി ഉൾപ്പെടെ യാതൊരു തരത്തിലുള്ള നികുതിയും പിരിക്കുന്നതിൽ ഒരു താൽപര്യവും കാണുന്നില്ല എന്നുള്ള രൂക്ഷമായ വിമർശനം നടത്തിയിരിക്കുന്നു. പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ഭൂനികുതി, കെട്ടിട നികുതി അതുപോലെ പഞ്ചായത്തിന്റെ കെട്ടിടത്തിൽനിന്നും ഒക്കെ പിരിക്കേണ്ട നികുതി, വിനോദ നികുതി തുടങ്ങിയ നികുതികൾ പിരിക്കുന്നതിൽ യാതൊരു താൽപര്യവും കാണുന്നില്ല.

ശ്രീ. മത്തായി ചാക്കോ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ക്ലാസ് 3 എ നിലനിൽക്കില്ലെന്നാണ്. ആരോ തെറ്റിദ്ധരിപ്പിച്ച് 3 എ ക്ലാസ് അതിനകത്തുനിന്ന് ഒഴിവാക്കിയിരിക്കുന്നു. എങ്കിലും സാധാരണഗതിയിൽ നിയമം കൊണ്ടുവരുമ്പോൾ റിപ്പീൽ ക്ലാസ് കൂടി കൊണ്ടുവരേണ്ടതാണ്. റിപ്പീൽ ക്ലാസ് കൊണ്ടുവരാതെ വാക്യത്തിൽ മാത്രം ഒതുക്കി ആകെ കുഴപ്പത്തിലാക്കാൻ വേണ്ടിയിട്ട് ആരോ ശ്രമിക്കുന്നു എന്നുള്ളതിന്റെ ഒരു സൂചനയല്ലേ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ശരിക്കും ഉദ്യോഗസ്ഥൻമാർ മന്ത്രിയെ വെട്ടിലാക്കാൻ വേണ്ടിയിട്ട് കൊണ്ടുവന്നിട്ടുള്ള ഒരു ഏർപ്പാടാണ് ഇത്. ഇതിന്റെ പാപഭാരം മുഴുവൻ ശ്രീ. കുട്ടി അഹമ്മദ് കുട്ടിക്കാണെന്ന് ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ പറയേണ്ടിവരും. കാരണം പഞ്ചായത്തിലേക്ക് വരുമാനം വരാൻ സഹായിക്കുന്ന 3 എ വകുപ്പ് പൂർണ്ണമായും ഇല്ലാതായിക്കഴിഞ്ഞാൽ .....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 3 എ എന്താണെന്ന് വായിച്ചു നോക്കൂ.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പഞ്ചായത്തുകൾ ഇത് നടപ്പിലാക്കി വരുന്ന സംഗതിയാണല്ലോ?

ശ്രീ. മത്തായി ചാക്കോ: 3A. *Entertainment tax on seating capacity*:- Notwithstanding anything contained in sections 3 and 4, a local authority

LIBRARY ARCHIVES Kerala Legislative Assembly

may levy entertainment tax based on seating capacity in the manner prescribed. പഞ്ചായത്തുകൾ ഇത് നടപ്പിലാക്കിയെന്നാണ് പറഞ്ഞത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: seating capacity കണക്കാക്കി മാത്രമേ വിനോദ നികുതി പിരിക്കാൻ കഴിയുകയുള്ളൂ. അതിന്റെയടിസ്ഥാനത്തിൽ അമ്യൂസ്മെന്റ് പാർക്കുകളിൽ കഴിയില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അമ്യൂസ്മെന്റ് പാർക്കുകളിൽ കഴിയില്ല. പക്ഷെ സിനിമാ കൊട്ടകയിൽ പറ്റുമല്ലോ? 3 എ വകുപ്പ് അമ്യൂസ്മെന്റ് പാർക്കുകളിൽ മാത്രം ബാധകമാകുന്നതല്ല. അതാണ് മന്ത്രി തെറ്റിദ്ധരിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ പറഞ്ഞ കാര്യം കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കൂടിയാണ്. പഞ്ചായത്തിന്റെ പ്രമേയത്തിന്റെ ബേസാണ് ഈ നിയമനിർമ്മാണത്തിലേയ്ക്കെത്തുന്നത്. അതിന്റെ ബേസിൽ വരുന്നതാണ് ഇതിനകത്ത് എല്ലാവരും ഉൾക്കൊള്ളുന്നത്. അതല്ലാതെ ഒറ്റതിരിഞ്ഞ് എല്ലാവരും ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെ ആക്രമിക്കാൻ നോക്കേണ്ട.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: 3 എ വകുപ്പ് അമ്യൂസ്മെന്റ് പാർക്കുകൾക്ക് മാത്രം ബാധകമാകുന്നതല്ലല്ലോ?

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ പറഞ്ഞത് പ്രകാരമാണെങ്കിൽ എല്ലാവരും ചേർന്നുകൊണ്ട് ഒരു സമവായത്തിന് ഈ നിയമ ഭേദഗതി വരുത്തിയതാണെങ്കിൽ നിലവിൽ നികുതി പിരിക്കാനുള്ള വ്യവസ്ഥ എന്തിന് മാറ്റണം? ആ വ്യവസ്ഥയ്ക്ക് പുറമെ പുതിയതായി ഒരു വ്യവസ്ഥ കൊണ്ടുവരുന്നതാണെങ്കിൽ നമുക്ക് അത് മനസ്സിലാക്കാം. നിങ്ങൾ നിലവിലുള്ള വ്യവസ്ഥ എടുത്തുകളഞ്ഞതുകൊണ്ടാണ് പ്രശ്നം. വരുമാനം കുറയുന്നത് അവിടെയാണ്. അത് അമ്യൂസ്മെന്റ് പാർക്കിനുമാത്രം ബാധകമല്ല. വിനോദ നികുതി ഈടാക്കാൻ കഴിയുന്ന ഏതൊക്കെ മേഖലയുണ്ടോ അവിടെയൊക്കെ നികുതി നഷ്ടമുണ്ടാകും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: നിലവിലുള്ള 3 എ ഉപയോഗിച്ചാണല്ലോ നമ്മുടെ മറ്റ് പഞ്ചായത്തുകൾ ഉൾപ്പടെ സിനിമ ടാക്സ് ഉൾപ്പടെ എല്ലാ ..... (ബഹളം) ..... ആ വകുപ്പ് ഡിലീറ്റ് ചെയ്തുകൊണ്ട് .....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നിങ്ങളുടെ ഇഷ്ടം പോലെ നിങ്ങൾ പറഞ്ഞോ അവസാനം നിങ്ങളുടെ കൺഫ്യൂഷൻ തീർക്കുന്ന രീതിയിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറഞ്ഞുകൊള്ളാം. നിങ്ങളുടെ കൺഫ്യൂഷൻ തീർക്കണമേയെന്ന് പ്രാർത്ഥിക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : കൺഫ്യൂഷൻ തീർക്കണമേ എന്ന് പ്രാർത്ഥിക്കേണ്ടുന്ന രീതിയിൽ തന്നെയാണ് സംഗതികൾ പോകുന്നത്. എന്റർട്ടയിൻമെന്റ് ടാക്സ് അമ്യൂസ്മെന്റ് പാർക്കിൽ നിന്ന് സീറ്റിംഗ് കപ്പാസിറ്റി അനുസരിച്ച് പിരിക്കാൻ പറ്റില്ല എന്ന് എനിക്കറിയാം. അവിടെ സീറ്റില്ലല്ലോ. ഇത് നിലനിർത്തിക്കൊണ്ടു പോയെങ്കിലേ മറ്റത് കൊണ്ടുവരാൻ പറ്റൂ.

ശ്രീ. എം. വി. ജയരാജൻ : അമ്യൂസ്മെന്റ് പാർക്കിൽ ഇരിപ്പിടം കണക്കാക്കുന്നത് പ്രായോഗികമല്ല. പക്ഷേ പ്രായോഗികമായ ഒരു കാര്യം എത്രയാളുകൾ കടക്കുന്നോ അവർക്ക് ഓരോരുത്തർക്കും ടിക്കറ്റ് കൊടുക്കാൻ പറ്റും. എൻട്രിയുടെ അടിസ്ഥാനത്തിൽ ഓരോ ടിക്കറ്റിനും നികുതി ഏർപ്പെടുത്താം. ഓരോ ആളിൽ നിന്നും വസൂലാക്കുന്നത് അതനുസരിച്ച് ചെയ്യാം. കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് ചെയ്തതുപോലെ വീഗാലാന്റിന്റെ കാര്യത്തിൽ ഇപ്പോൾ നികുതി കൂടി ചേർത്താണ് കാശ് വാങ്ങുന്നത്. നികുതി വാങ്ങിയിട്ട് കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന് കൊടുക്കാത്തതാണ് പ്രശ്നം. എട്ട് കോടി രൂപയുടെ കുടിശ്ശികയുണ്ടായി. അത് ശ്രീ. ചെർക്കളം അബ്ദുള്ള പിരിച്ചില്ല. അതിൽ നികുതി പിരിക്കേണ്ടതില്ല എന്ന ഓർഡർ ഇറക്കി. അത് ഞാനിവിടെ അഴിമതിയാരോപണം ഉന്നയിച്ച് എഴുതിക്കൊടുത്തിരുന്നതാണ്. ചെർക്കളം അബ്ദുള്ള വാങ്ങിയ ലക്ഷങ്ങളുടെ കണക്ക് നിയമസഭയിൽ ഉന്നയിച്ചതാണ്. ഒരു മറുപടിയും പറഞ്ഞിട്ടില്ല. ആ കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അത് അന്ന് മന്ത്രി മൊത്തത്തിൽ നിഷേധിച്ച് തടിതപ്പുകയാണ് ചെയ്തത്. മൊത്തത്തിൽ വിഴുങ്ങി. അതുപോലെയുള്ള വിഴുങ്ങലിന് അവസരമുണ്ടാക്കാനുള്ള സംവിധാനം ഉണ്ടാക്കിക്കൂടാ എന്നുള്ളതാണ് ഇവിടുത്തെ പ്രധാന പ്രശ്നം. അതുകൊണ്ട് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നികുതി പിരിക്കുന്നില്ല എന്നുള്ള ആക്ഷേപം തദ്ദേശ ഭരണ വകുപ്പ് പഞ്ചായത്തുകളുടെ പേരിൽ കെട്ടിവയ്ക്കുകയാണ്. അവർ തൊഴിൽ നികുതി പിരിക്കുന്നില്ല, എന്റർട്ടയിൻമെന്റ് ടാക്സ് പിരിക്കുന്നില്ല അതുപോലെ മറ്റ് പഞ്ചായത്തുകൾക്ക് വരേണ്ടുന്ന വരുമാന മാർഗ്ഗങ്ങൾ അവർ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല അങ്ങനെ സർക്കാരിലേക്ക് വരേണ്ടുന്ന കോടിക്കണക്കിന് ഉറുപ്പിക പഞ്ചായത്തുകളുടെ അനാസ്ഥകൊണ്ട് പോകുകയാണ് എന്നൊക്കെയാണ് പറയുന്നത്. പഞ്ചായത്തുകളുടെ ഇത്രയും വലിയ താൽപ്പര്യത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാനാവശ്യമായ ശ്രമങ്ങൾ നടത്തിയതെന്നാണ് ഇതിന്റെ പ്രമേയത്തിൽ പറയുന്നത്. അങ്ങനെയെങ്കിൽ ഈ പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സാധിക്കുന്ന നിലയിൽ നികുതി ഊർജ്ജിതമായി പിരിച്ചെടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി പഞ്ചായത്ത് സ്വീകരിക്കുന്നുണ്ടോ? ആവശ്യമായ ഉദ്യോഗസ്ഥൻമാർ പല പഞ്ചായത്തിലും ഇല്ല. വളരെ താഴേയ്ക്കിടയിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടുന്ന പല ആളുകളേയും പഞ്ചായത്തുകൾക്ക് കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് പഞ്ചായത്തിന്റെ നികുതി പിരിവ് സമ്പ്രദായം തന്നെ പരാജയപ്പെട്ടുപോയത്. അതിന്റെ ഉത്തരവാദിത്തം പഞ്ചായത്ത്രാജ് മാസികയിൽ പറയുന്നതുപോലെ പഞ്ചായത്തുകൾക്ക് മാത്രമാണോ? പഞ്ചായത്ത് ഭരണത്തിന് നേതൃത്വം കൊടുക്കുന്ന വകുപ്പിനുണ്ട്, അതിന്റെ ഔദ്യോഗിക സംവിധാനത്തിനുണ്ട്. ഇതെല്ലാം അവർ ഉപയോഗ പ്പെടുത്തിയിരുന്നെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധ്യതയില്ല എന്ന നിലയിലുള്ള ഉയർന്ന വിമർശനം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അങ്ങനെ ചെയ്യുന്നില്ല. ഏകപക്ഷീയമായി അവരെ കുറ്റപ്പെടുത്താനാവശ്യമായ സംവിധാനം ഉണ്ടാക്കാൻ നോക്കുകയാണ്. അമ്യൂസ്മെന്റ് പാർക്കുകൾക്ക് വിവിധ കാറ്റഗറികൾ നിശ്ചയിച്ചിട്ടുണ്ട്. ആ കാറ്റഗറി പ്രകാരം കുന്നത്തുനാട് പഞ്ചായത്ത് നിശ്ചയിച്ച് ചെയ്യുന്നതുപോലെ നികുതി നിശ്ചയിച്ച് അത് അവിടെ വന്നു പോകുന്ന ആളുകളിൽ നിന്ന് വാങ്ങുന്നതിനാവശ്യമായ വിധത്തിലുള്ള തീരുമാനം ഉണ്ടായാൽ ഇതിന്റെ എത്രയോ ഇരട്ടി വരുമാനം ഉണ്ടാക്കാൻ സാധിക്കും. എന്നാൽ ഇവിടെ പറഞ്ഞത് പത്ത് കോടി രൂപ വരെ മുതൽ മുടക്കുള്ള ഒരു അമ്യൂസ്മെന്റ് പാർക്കിന് ഏഴര ലക്ഷം മുതൽ പത്ത് ലക്ഷം രൂപവരെയാണ് പിരിക്കാൻ പോകുന്നത് എന്നാണ്. ഇത് ആരെ സഹായിക്കാനാണ്? അമ്യൂസ്മെന്റ് പാർക്കുകളുടെ ഉടമകൾക്ക് അനർഹമായ സഹായം ചെയ്തു കൊടുക്കുകയാണ് ഇതുകൊണ്ട് ചെയ്യുന്നത്. 100 കോടി രൂപവരെ ചെലവഴിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്ന് ഒരു കോടി രൂപ വരെ പിരിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. യഥാർത്ഥത്തിൽ അവർക്ക് ഉണ്ടാകുന്ന വരുമാന ത്തിന്റെ ചെറിയൊരു ഭാഗംപോലും ഇതിന്റെ ഭാഗമായി എന്റർട്ടയിൻമെന്റ് ടാക്സ് എന്ന നിലയിൽ പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. ലഭിക്കാത്ത സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. ഇത് ഇതേ നിലയിൽ നിയമമായി വന്നുകൂടാ. ഇതിലെ പഴുതുകൾ ഇല്ലാതാക്കണം. അമ്യൂസ്മെന്റ് പാർക്കിന്റെ മുതലാളിമാർക്ക് അനർഹമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ളതല്ല സർക്കാരിന്റെ ഉത്തരവാദിത്തം. നാട്ടിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനമുണ്ടാക്കാനാവശ്യമായ പ്രവർത്തനമാണ് മന്ത്രി നടത്തേണ്ടത്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നേരത്തെ വീഗാലാന്റിന് ചെയ്തുകൊടുത്തതുപോലെ അനർഹമായ സഹായങ്ങൾ അമ്യൂസ്മെന്റ് പാർക്കുകൾക്ക് ചെയ്തു കൊടുക്കാനുള്ള താൽപ്പര്യത്തിന്റെ ഭാഗമാണെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല. എട്ടരക്കോടി രൂപ അവിടെ പോയ ആളുകളിൽ നിന്ന് ഉടമസ്ഥർ പിരിച്ചെടുത്തതാണ് പഞ്ചായത്തിന് കൊടുക്കേണ്ടത്. അത് കൊടുക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കാൻ സാധിക്കുന്നില്ല. അത് പിരിച്ചെടുക്കാൻ സജീവമായി ഇടപെടാൻ തദ്ദേശഭരണ വകുപ്പിന് സാധിക്കുന്നില്ല. കോടതിയിൽ പോയാൽ പല കേസുകളിലും തോറ്റുകൊടുത്തിട്ടുള്ള സർക്കാർ ഇത്തരം കേസുകളിലും തോറ്റുകൊടുക്കില്ല എന്നുള്ളതിന് യാതൊരു ഗ്യാരന്റിയുമില്ല. അങ്ങനെയൊരു സമീപനം സർക്കാർ സ്വീകരിക്കും. പഞ്ചായത്തുകളുടെ നികുതി നിശ്ചയിക്കാനും അതിൽ വർദ്ധനവുണ്ടാക്കാനും, കുറവ് വരുത്താനുമൊക്കെയുള്ള അധികാരം സംസ്ഥാന ധനകാര്യ കമ്മീഷനാണ്. ധനകാര്യ കമ്മീഷനോട് ഒരു ആലോചനയും നടത്താതെയാണ് സിനിമ ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ, വീഗാലാന്റ് ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ സർക്കാർ നിലപാട് സ്വീകരിച്ചത്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ അധികാരാവകാശങ്ങൾപോലും കവർന്നുകൊണ്ട് ഇവിടെ മന്ത്രിക്കു താൽപ്പര്യമുള്ള ആളുകൾക്ക് സഹായം ലഭ്യമാക്കാനാവശ്യമായ സൗകര്യം ഉണ്ടാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ആ ശ്രമത്തിന്റെ ഒരു നല്ല ഉദാഹരണമാണ് രണ്ടുകൊല്ലത്തിൽ ഒരിക്കൽ ഇതിന്റെ സുരക്ഷിതത്വ പരിശോധനയും അതു പോലെ ഇതിൽ ഏറ്റക്കുറച്ചിൽ വേണോ എന്നും തീരുമാനിക്കുന്നതിനുവേണ്ടി സർക്കാർ കമ്മിറ്റി ഉണ്ടാക്കി. ആ കമ്മിറ്റിയിൽ അമ്യൂസ്മെന്റ് പാർക്ക് എന്നു പറയുന്നത് ആറോ, ഏഴോ എണ്ണം മാത്രമാണ്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഇതിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. എന്നാൽ ഇവിടെ മന്ത്രി വച്ച നിർദ്ദേശത്തിൽ അങ്ങനെ ഏതെങ്കിലും ജനപ്രതിനിധികളെ ഉൾപ്പെടുത്താനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഉദ്യോഗസ്ഥൻമാർ തീരുമാനിച്ചതുപോലെ കാര്യങ്ങൾ നടത്താനാവശ്യമായ സൗകര്യമാണ് മന്ത്രിക്കും വകുപ്പിനും ഉണ്ടാകേണ്ടത്. അതിനെ അടിസ്ഥാനമാക്കിയാണ് ഇത് വന്നിട്ടുള്ളത്. അതിൽ ജനപ്രതിനിധികൾക്ക് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റോ സെക്രട്ടറിയോ ചുമതലക്കാരായ ആളുകളോ കൂടെയിരുന്ന് പരിശോധന നടത്താനും സുരക്ഷിതത്വം ഉറപ്പു വരുത്താനും നികുതിയിൽ ഏറ്റക്കുറച്ചിൽ ആവശ്യമാണെങ്കിൽ അത് വരുത്താനും ആവശ്യമായ സംവിധാനം ഉണ്ടാകണം. സ്വാഭാവികമായും വലിയ മുതൽമുടക്കുള്ള സംവിധാനമാണെന്നുള്ളതുകൊണ്ടുതന്നെ ഒരു റിലാക്സേഷൻ ആദ്യം കൊടുക്കേണ്ടത് ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : അവസാനം റിലാക്സേഷൻ കൊടുക്കണമെന്നുള്ള വാക്കിൽ നിങ്ങൾ എത്തി. കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ളതും ടൂറിസം വികസനത്തിനും വേണ്ട കാര്യങ്ങൾക്ക് നികുതി ചുമത്തണമെന്നും പറഞ്ഞു. നിങ്ങളുടെ വാദം കോൺട്രാഡിക്ടറി അല്ലേ ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ഈ ബില്ലിന്റെ വകുപ്പിൽ ഒരു പാർക്ക് തുടങ്ങുമ്പോൾ അതിന്റെ ആദ്യത്തെ വർഷം, രണ്ടാമത്തെ വർഷം, അങ്ങനെ വിവിധ വർഷങ്ങളിൽ കൊടുക്കേണ്ട ഇളവിനെ സംബന്ധിച്ച് ഒരു ക്ളാസ് പറഞ്ഞിട്ടുണ്ട്. ഞാൻ അതേപ്പറ്റിയാണ് പറഞ്ഞത്.

ശ്രീ. ടി. കെ. ദേവകുമാർ : ഒരു ബിൽ അവതരിപ്പിക്കുമ്പോൾ സ്വന്തം പാർട്ടിക്കാർ പോലും വായിക്കുന്നില്ല എന്നുള്ളതാണ് ഇതിന്റെ അർത്ഥം. വകുപ്പുമന്ത്രിക്ക് ആരോഗ്യക്കുറവുണ്ട്. അത് പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ നിങ്ങൾ അത് വായിച്ച് പറയുക. കോടിക്കണക്കിന് രൂപ മുടക്കുന്നു എന്ന് പറയുമ്പോൾ അതിന്റെ ബാറ്റാരിഷ്ടത മാറ്റിയെടുക്കുന്ന സന്ദർഭത്തിൽ നിങ്ങൾ തന്നെ പറഞ്ഞു സ്വകാര്യ മുതൽ മുടക്കുകളെ ഞങ്ങൾ എതിർക്കുകയാണെന്ന്. മുതൽ മുടക്കി വരുമാനം വർദ്ധിക്കുന്നതുവരെ ഈ സൗകര്യം കൊടുക്കണം. സിനിമാ വ്യവസായത്തിൽ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത് വലിയ തകർച്ചയാണ്. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള തിയേറ്ററുകൾ ഏതാണ്ടെല്ലാം അടച്ചുപൂട്ടിയിരിക്കയാണ്. ഈ വ്യവസായത്തിന് നിലനിൽക്കണം. പണ്ടായിരുന്നു കോടീശ്വരൻമാർ സിനിമയിൽ മുതൽ മുടക്കുന്ന രംഗമായി സിനിമാ രംഗം നിലനിന്നിരുന്നത്. ഇന്ന് സ്ഥിതി അതല്ല. ഈ രംഗത്ത് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രത്യേക പരിതസ്ഥിതി കാണാൻ ഈ ബില്ലിൽ തയ്യാറാകുന്നില്ല എന്നുള്ളത് ഗൗരവമായി മനസ്സിലാക്കണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അതിനെ സംബന്ധിച്ചല്ല ഇത് എന്നുള്ളതു കൊണ്ടായിരിക്കും ഇതിൽ പറയാതിരുന്നത്. നമ്മുടെ നാട്ടിലെ സിനിമാ വ്യവസായം പ്രതിസന്ധിയിലായിട്ടുണ്ടെങ്കിലും ഹോളിവുഡിൽ നിന്നു വരുന്ന സൂപ്പർഹിറ്റ് സിനിമകൾ ഈ നാട്ടിൽ നിന്ന് കോടിക്കണക്കിന് രൂപയാണ് കൊരിക്കൊണ്ടു പോകുന്നത്. ലോക സിനിമാ വ്യവസായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട .....

മി. ചെയർമാൻ : ലോക സിനിമയെപ്പറ്റിയല്ലല്ലോ നമ്മൾ ചർച്ച ചെയ്യുന്നത്. നമ്മൾ അമ്യൂസ്മെന്റ് പാർക്കുകളുടെ കാര്യമാണ് ചർച്ച ചെയ്യുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : നമ്മുടെ നാട്ടിലെ സിനിമാ തിയേറ്ററുകൾ ഇന്ന് കല്യാണമണ്ഡപങ്ങളായി മാറുകയാണ്. നമ്മുടെ നാട്ടിൽ സിനിമ ഇറങ്ങുന്നതിനു മുമ്പേ വ്യാജ സി.ഡി.യും മറ്റും വരുന്നതിന്റെ ഫലമായാണ് ഈ പ്രതിസന്ധി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. നികുതിയുടെ കാര്യത്തിൽ ആദ്യത്തെ വർഷം നിശ്ചയിച്ചതിന്റെ 20% ടാക്സും, രണ്ടാമത്തെ വർഷം നിശ്ചയിച്ചതിന്റെ 40% ടാക്സും, മൂന്നാമത്തെ വർഷം നിശ്ചയിച്ചതിന്റെ 60% ടാക്സും, നാലാമത്തെ വർഷം നിശ്ചയിച്ചതിന്റെ 80% ടാക്സും, അഞ്ചാമത്തെ വർഷം മുതൽ നിശ്ചയിച്ചത് വാങ്ങുക എന്നുള്ളതാണ്. ഏതായാലും ഒരു ഇളവ് കൊടുക്കേണ്ടത് ആവശ്യമാണ്. കാരണം വലിയ മുതൽമുടക്കുള്ള കാര്യമാണ്. വലിയ മുതൽമുടക്കാണ് ഉണ്ടാകുന്നത് എന്നുള്ളതുകൊണ്ട് ഒരു ഇളവ് കൊടുക്കാമെങ്കിലും ഒരു അമ്യൂസ്മെന്റ് പാർക്ക് പോലെ ഒരു വമ്പിച്ച സന്നാഹം ആരംഭിക്കുന്ന അവസരത്തിൽ ഒരു വലിയ പ്രചാരവേലയോടുകൂടിയിട്ടാണ് ആരംഭിക്കുന്നത്. ഒരു പുതുമ ആസ്വദിക്കുന്നതിനുവേണ്ടിയിട്ടാണ് ആളുകൾ മഹാഭൂരിപക്ഷവും അവിടെ പോകുന്നത്. ആദ്യത്തെ മുന്ന് നാല് വർഷമാണ് അവ നല്ല നിലയിൽ പോകുന്നത്. അപ്പോഴത്തേക്കും ഒരു പുതിയ പുതുമയുള്ള ഒന്ന് എവിടെയെങ്കിലും വന്നിട്ടുണ്ടാകും. അപ്പോൾ ഒരു ഇളവ് കൊടുക്കേണ്ടത് ആവശ്യമാണെങ്കിലും ഇത്രയും വലിയൊരു ഇളവ് കൊടുക്കേണ്ട സംവിധാനം ഉണ്ടായിക്കൂടാ. 20 എന്നുള്ളത് കുറച്ചുകൂടി നമുക്കു വരുമാനം വരുന്ന നിലയിൽ 50-60 ശതമാനം പഞ്ചായത്തിന് കിട്ടുന്ന നിലയിൽ ഒരു ഭേദഗതി ഓരോ കാറ്റഗറിയിലും വരുത്തുന്നത് തീർച്ചയായും നല്ലതായിരിക്കും. അപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു വരുമാന സ്രോതസ് എന്നുള്ള നിലയിൽ സിനിമ ഉൾപ്പടെയുള്ളതിൽ നിന്നുമുള്ള വിനോദ നികുതി പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടത് നിലനിർത്താനാവശ്യമായ സംവിധാനം വേണം. ആ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് അമ്യൂസ്മെന്റ് പാർക്കുകളുടെ നികുതി നേരാംവണ്ണം പിരിച്ചെടുത്ത് പഞ്ചായത്തുകൾക്ക് മുതൽകൂട്ടാക്കാൻ സാധിക്കാത്ത ഒരു അവസ്ഥയിലാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിട്ടുള്ളതെങ്കിൽ ഈ കൺഫ്യൂഷനൊക്കെ മാറ്റി ഇത് ഒരു കുറ്റമറ്റ നിയമമാക്കി കൊണ്ടുവരാനാവശ്യമായ സംവിധാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നിരാകരണ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ഡോ. തോമസ് ഐസക്ക് : സർ, 2005-ലെ കേരള തദ്ദേശഭരണ സ്ഥാപന വിനോദ നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്ന നിയമത്തെക്കുറിച്ചുണ്ടായ ആശയക്കുഴപ്പങ്ങൾ തീർന്നെന്നു പറയാനാവില്ല. ഈ കാലത്ത് നിയമസഭ സമ്മേളിച്ചതു മുതൽ നമ്മുടെ സഭയിലെ നിയമവിദഗ്ദ്ധന്മാരുമായും, അല്ലാത്ത ഉദ്യോഗസ്ഥന്മാരുമെല്ലാമായി എന്താണ് ഈ ബില്ലിന്റെ ലക്ഷ്യം എന്നു മനസ്സിലാക്കാൻ ഞാൻ ശ്രമിക്കുകയുണ്ടായി. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി അടക്കമുള്ളവർക്ക് സഭയിൽ ഈ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കുന്ന വേളയായപ്പോഴെങ്കിലും അവതാരകന് ഉദ്ദേശ്യം എന്തെന്ന് വ്യക്തമായത് വളരെ നന്നായി. ഞാനത് മുഖവിലയ്ക്കെടുക്കുകയാണ്. അവിടത്തെ നിയമവിദഗ്ദ്ധന്മാർ ആ ലക്ഷ്യം കൈവരിക്കാൻവേണ്ടി നിയമം ഇങ്ങനെയല്ലായെന്ന് ശക്തമായി വാദിക്കുന്നുമുണ്ട്. മന്ത്രി പറയുന്നത് അങ്ങനെ വല്ല കുഴപ്പവും ഉണ്ടെങ്കിൽ അത് തിരുത്തിക്കൊള്ളാമെന്നാണ്. ഞാനിപ്പോൾ അതിന്റെ നൂലാമാലയിലേക്ക് പോകുന്നില്ല. ലക്ഷ്യം എന്താണ്? ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം വിനോദത്തിന് അഡ്മിഷൻ, അവിടെ പ്രവേശനത്തിനുമേലാണ് നികുതി. അങ്ങനെ അമ്യൂസ്മെന്റ് പാർക്കിൽ നിന്ന് നികുതി പിരിക്കുന്നതിന് ചില പ്രയാസങ്ങളുണ്ട്. കോടതി ഇടപെടലൊക്കെയുണ്ടായിരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അമ്യൂസ്മെന്റ് പാർക്കിന്റെ വിസ്തൃതി അടിസ്ഥാനത്തിൽ ഒരു വാർഷിക നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതാണ് അങ്ങ് പറഞ്ഞ ലക്ഷ്യം. അത് വളരെ വ്യക്തമായി. നിയമത്തിന്റെ പ്രശ്നങ്ങളൊക്കെ ഈ സന്ദർഭത്തിൽ നിങ്ങൾ തന്നെ എടുത്തുപരിശോധിക്കുക. എനിക്കു പറയാനുള്ളത് ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെപ്പോലുള്ള അധികാരവികേന്ദ്രീകരണത്തിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണത്തിനും വേണ്ടി വാദിക്കുന്ന ഒരാൾ ഉറച്ച നിലപാട് എടുത്തിട്ടുള്ള ആൾ ഇത്തരത്തിലുള്ള ഒരു ബിൽ അവതരിപ്പിച്ചത് വളരെ ദൗർഭാഗ്യകരമാണ് എന്നുള്ളതാണ്. വിനോദ നികുതി എന്നു പറയുന്നത് ഇവിടെ statement of objects and reasons-ൽ പറയുന്നതുപോലെ കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിൻ നികുതിയല്ല. മൂന്നാമത്തെ ഏറ്റവും പ്രധാനപ്പെട്ട നികുതിയാണ് വിനോദ നികുതി. ബിൽഡിംഗ് ടാക്സ്, പ്രൊഫഷണൽ ടാക്സ്, എന്നിവ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട നികുതിയാണ്, 1977-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വരുമാനത്തിന്റെ 22% ഉണ്ടായിരുന്നു വിനോദ നികുതി. എന്നാൽ അത് പിന്നീട് 11% ആയി കുറഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ വിനോദ നികുതിയിൽ നിന്നുള്ള വരുമാനത്തിലെ ഇടിവ് നിങ്ങൾ മറ്റ് പല സൂചികകളിൽ ഏത് എടുത്തു പരിശോധിച്ചാലും കാണാം. Tax buoyancy 1970-71, 1989-90 കാലഘട്ടം എടുത്തു കഴിഞ്ഞാൽ വിനോദ നികുതി നിരക്ക് 1.4 ശതമാനം ആണ്. എന്നുവച്ചാൽ ഒരു ശതമാനം സംസ്ഥാന വരുമാനം ഉയരുമ്പോൾ 1.4% വിനോദ നികുതി ഉയരും. എന്നാൽ ഇപ്പോൾ ഇത് 0.32% ആയി താണിരിക്കുന്നു. ഒരു ശതമാനം സംസ്ഥാന വരുമാനം കൂടുമ്പോൾ വിനോദ നികുതി 1.42 ശതമാനം അല്ല ഉയരുക, 0.32 ശതമാനം ആണ്. എന്തുകൊണ്ട് ഈ ഇടിവുണ്ടായി? അതു നോക്കുമ്പോൾ നമ്മുടെ വിനോദ നികുതി മുഖ്യമായിട്ട് സിനിമാതീയറ്ററിന്റെയടിസ്ഥാനത്തിലാണ്. സിനിമാ വ്യവസായം പ്രത്യേകിച്ച് തീയേറ്ററുകളുടെ തകർച്ച ഇതെല്ലാം ഇതിനെ ബാധിച്ചിട്ടുണ്ട്. ഇതുമാത്രമല്ല, സഹാ കമ്മീഷൻ റിപ്പോർട്ട് വളരെ വിശദമായിട്ട് വ്യക്തമാക്കുന്നതുപോലെ ഇത് പിരിക്കുന്നതിലൊക്കെ അപാകതകൾ വന്നിട്ടുണ്ട്. എന്നാൽ ഇതു മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

വിനോദം എന്നു പറയുന്നത് ഇന്ന് വൈവിദ്ധ്യവൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. തീയേറ്റർ മാത്രമല്ല, ടെലിവിഷൻ മുതലായ മറ്റു വിനോദോപാധികൾ പലതുമുണ്ട്. കേരളത്തിൽ അതിവേഗം വളർന്നുവരുന്ന ഒരു വിനോദ കേന്ദ്രം എന്നു പറയുന്നത് ഈ അമ്യൂസ്മെന്റ് പാർക്കുകളാണ്. ആളുകളുടെ താൽപ്പര്യങ്ങളിൽ വരുന്ന ഒരു വ്യത്യാസമാണ്. അങ്ങനെയെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വയംഭരണത്തിന് താൽപ്പര്യം ഉണ്ടായിരിക്കില്ല. സ്വയംഭരണത്തിന്റെ പ്രധാനപ്പെട്ട വശമെന്നു പറയുന്നത് സ്വന്തമായിട്ട് എത്ര വരുമാനം ഉണ്ടാക്കാൻ കഴിയും അതാണ്. fiscal autonomy സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റിന് അപ്പുറം സ്വന്തമായിട്ട് എത്ര വരുമാനം ഉണ്ടാക്കാൻ കഴിയും? അക്കാര്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യയിലെ ഏതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പിലാണ്? അതിൽ ഇടിവ് തട്ടുന്നത് പരിഹരിക്കുന്നതിനുള്ള നടപടിയാണ് അങ്ങ് സ്വീകരിക്കേണ്ടത്. അതിനുപകരം ആരോ നൽകിയ നിയമ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഏറ്റവും പ്രധാനപ്പെട്ട വിനോദ കേന്ദ്രമായി ഉയർന്നുവരുന്ന അമ്യൂസ്മെന്റ് പാർക്കുകളിന്മേൽ നികുതി ചുമത്താനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം വെട്ടിക്കുറയ്ക്കുകയാണ് ചെയ്യുന്നത്. 1961-ലെ നിയമത്തിൽ എന്താണ് പറയുന്നത്? സെക്ഷൻ 3 പ്രകാരം ആണല്ലോ നികുതി പിരിക്കുന്നത്. ഇതിൽ പറയുന്നു Any local authority may levy a tax (hereinafter referred to as the entertainments tax) at a rate not less than fifteen per cent and not more than thirty per cent on each price for admission to any entertainment. ഇത് 10 എന്നുള്ളത് 15 ആയിട്ടും 20 എന്നുള്ളത് 30 ആയിട്ടും വർദ്ധിപ്പിച്ചു. additional entertainment tax നമ്മൾ ഏർപ്പെടുത്തി. ആ രേറ്റു മാറി. പ്രധാനപ്പെട്ടത് എന്താണ്? entertainment-നുമേൽ ടാക്സ് ചുമത്താം. ടാക്സ് അഡ്മിഷന്റെമേൽ ചുമത്താം. ഈ നിയമത്തിന്റെ definition clause എന്താണ്? entertainment എന്നു പറഞ്ഞിട്ടുണ്ട്. It includes in exhibition, performance, amusement, games, sports, race അമ്യൂസ്മെന്റ് പാർക്ക് ഇതൊക്കെപ്പെടും. അഡ്മിഷൻ എന്താണ്? Admission to entertainment includes admission to any place in which entertainment is sale. ഈ 3 (എ) എങ്ങനെ വന്നു? നഹാ കമ്മീഷൻ റിപ്പോർട്ടിൽ ഇത്തരത്തിൽ ടിക്കറ്റിന്മേൽ നികുതി ചുമത്തുന്നത് വെട്ടിപ്പിനും മറ്റും ഇടയാക്കുമെന്നതുകൊണ്ട് എത്ര ടിക്കറ്റ്. വേണമെങ്കിലും വിൽക്കട്ടെ, എത്രപേരോ പ്രവേശിക്കട്ടെ, സീറ്റിംഗ് കപ്പാസിറ്റി അനുസരിച്ച് നികുതി പിരിക്കാനുള്ള അവകാശം നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെയാണ് ഈ 3 (എ) വന്നത്. ഞാൻ 3 (എ) വായിക്കാം *Entertainment tax on seating capacity*:—Notwithstanding anything contained in sections 3 and 4, a local authority may levy entertainment tax based on seating capacity in the manner prescribed. 4 എന്നു വച്ചാൽ compounding വകുപ്പാണ്. ഇനിമേൽ സീറ്റിംഗ് കപ്പാസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചു ഏതൊരു entertainment places -ലും amusement places-ലും നികുതി പിരിക്കാൻ പാടുള്ളൂ എന്ന് obligatory വ്യവസ്ഥയല്ല, 'may' ഇപ്പോൾ അങ്ങനെ പിരിക്കുന്നുമില്ല. 2 ധനകാര്യകമ്മീഷൻ അങ്ങനെ വേണമെന്നു പറഞ്ഞിട്ട് ഇപ്പോഴും ടിക്കറ്റിനു പുറത്താണ് പിരിക്കുന്നത്. അപ്പോൾ 3 (എ) പറഞ്ഞിട്ട് അമ്യൂസ്മെന്റ് പാർക്കുകളിലെ സീറ്റിംഗ് കപ്പാസിറ്റി കണക്കാക്കാൻ പ്രയാസമാണ്. അതുകൊണ്ട് ഞങ്ങൾ പ്രവേശനത്തിനു പുറത്തല്ല, അതിന്റെ മുതൽ മുടക്കിന്റെയടിസ്ഥാനത്തിൽ അമ്യൂസ്മെന്റ് പാർക്കുകളെ പലതരമായിട്ട് തിരിച്ച് വാർഷിക

2.30 P.M.] നികുതി പിരിക്കാൻ പോകുന്നു എന്നു പറയുന്നത് ഞാൻ തെളിയിച്ചു തരാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ന്യായമായും പിരിക്കാവുന്ന തുക കളയുന്നതിനുവേണ്ടിയാണ് ഈ ബിൽ. ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ പതിനായിരക്കണക്കിന്റെതല്ല. വീഗാലാൻഡ് പോലുള്ള അമ്യൂസ്മെന്റ് പാർക്കുകൾ എടുക്കാം, ഒരു മുപ്പതുകോടി മുതൽ മുടക്കു വരുന്നത് എടുക്കാം, ദിനംപ്രതി 3000 പേരോളം സന്ദർശിക്കുന്ന പാർക്കിൽ 300 രൂപ വച്ച് 9 ലക്ഷം രൂപ കിട്ടും 365 ദിവസം 32 കോടി 85 ലക്ഷം രൂപ ഈ തുകയുടെ വലിപ്പം മനസ്സിലാക്കാൻ വേണ്ടിയാണ്. ഇതിന്റെ 20% പിരിക്കാമോ? അഡീഷണൽ ടാക്സായി 15 മുതൽ 30% വരെ. 15% വച്ച് പിരിച്ചാൽ പോലും 32 കോടി രൂപ വരുമാനമുള്ള ഒരു അമ്യൂസ്മെന്റ് പാർക്കിൽ നിന്നും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷം 7 കോടി 30 ലക്ഷം രൂപ പിരിക്കാം. നിലവിലുള്ള നിയമപ്രകാരം 20% വച്ചാണ് പിരിക്കുന്നതെങ്കിൽ പിന്നെയും കൂടും. ഇതിനുപകരം ഇപ്പോഴത്തെ ബിൽ പ്രകാരം എത്ര പിരിക്കും? നമ്മുടെ സ്ളാബ് റേറ്റ് പ്രകാരം 30 കോടി എന്നു പറയുന്നത് കാറ്റഗറി–ഡി, 20 മുതൽ 50 കോടി വരെ കാറ്റഗറി–സി എന്താണ് ഈ കാറ്റഗറികളുടെ പരിമിതി? രണ്ട് സൂചികകൾ എടുത്തിട്ടാണ് കാറ്റഗറികൾ തിരിക്കുന്നത്. ഒന്ന്–ഇൻവെസ്റ്റ്മെന്റ്, രണ്ട്–എത്ര സ്ഥലം വരും? എത്ര വിസ്തൃതിയാണ് വരുന്നത്. വിസ്തൃതി എന്നു പറയുമ്പോൾ നാലേക്കറിൽ താഴെ, നാല് മുതൽ ആറേക്കർ വരെ, ആറ് മുതൽ പത്തേക്കർ വരെ, പത്തേക്കറിനു മുകളിൽ, എന്താണ് പറഞ്ഞിരിക്കുന്നത് excluding the area provided for parking vehicles and other unutilized/vacant area. എങ്ങനെ ഇത് കണ്ടുപിടിക്കും. ഏതാണ് vacant area, ഏതാണ് non vacant area ഏതാണ് open space ഏതാണ് ഓപ്പൺ അല്ലാത്തത്. കെട്ടിടം പണിയുന്നതു മാത്രമാണോ അമ്യൂസ്മെന്റ് പാർക്കിനു സ്ഥലം. ഈ categorisation definitive അല്ല. Arbitrary ആയിട്ട് കൂട്ടാനും കുറയ്ക്കാനും പറ്റുന്നതാണ്. ആർക്കാണ് പറയാൻ പറ്റുന്നത് ഇൻവെസ്റ്റ്മെന്റ് എത്രയാണെന്ന്. ബാലൻസ് ഷീറ്റിലെ ഷെയർ ഹോൾഡേഴ്സിന്റെ അടിസ്ഥാനത്തിലാണോ, അതോ ഫിസ്ക്കൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിലോ, വർക്കിംഗ് ക്യാപ്പിറ്റൽ ഉൾപ്പെടുത്തുമോ. വളരെ vague ആയിട്ട് arbitrary ആയിട്ട് തീരുമാനിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

കാറ്റഗറിയായിട്ട് നിശ്ചയിക്കുക, അതിന് വാർഷിക നികുതി നിശ്ചയിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാർത്ഥത്തിൽ കിട്ടേണ്ട തുകയുടെ പത്തിലൊന്നു പോലും അല്ലെങ്കിൽ ഇരുപതിലൊന്നുപോലും നൽകാത്ത ഒരു തുക നിശ്ചയിച്ചിരിക്കുന്നു. അപ്പോൾ ചോദിക്കാം ഒരു പുതിയ വ്യവസായം അല്ലേ അതിന് നമ്മൾ ഇൻസെന്റീവ് കൊടുക്കേണ്ടയെന്ന്. അതു കൊടുക്കേണ്ട. ഒന്ന്–അമ്യൂസ്മെന്റ് പാർക്ക് പ്രയോറിറ്റി സെക്റ്റർ വ്യവസായം അല്ല. രണ്ട്–അതിനു മേൽ ചുമത്തപ്പെടുന്ന നികുതി പ്രവേശന നികുതി, എന്റർടെയ്ൻമെന്റ് ടാക്സ് ആണ്. അമ്യൂസ്മെന്റ് പാർക്ക് കമ്പനി അല്ല.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : മൂന്ന് ബില്ലുകൾ ആണ് ഇന്ന് വച്ചിരുന്നത്. പൊതു ധാരണയോടെ ഒരു ബിൽ നാളത്തേയ്ക്ക് എടുക്കാമെന്ന് തീരുമാനിച്ചു. രണ്ടുപേരാണ് സാധാരണ സംസാരിക്കുന്നത്. അതിൽ രണ്ടാമത്തെ പ്രസംഗമാണ്. സമയക്ലിപ്തത പാലിക്കുമെങ്കിൽ ഇന്ന് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യാം.

ഡോ. തോമസ് ഐസക്: ഇത് പ്രവേശനത്തിനുമേൽ നിയമപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം, അതിൽ നിന്നു കിട്ടുന്ന വരുമാനം ഒക്കെ താഴ്ത്തി നിശ്ചയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഇതിന് മറുപടി പറയണം. ഒരു പക്ഷേ സഭയിൽ സംസാരിച്ചവരാർക്കുംതന്നെ ഈ നികുതി വരുമാനത്തിലുണ്ടാകുന്ന ഇടിവിന്റെ വലിപ്പത്തെക്കുറിച്ച് ധാരണയില്ല. ഒരു പഞ്ചായത്തിൽ ഒരു അമ്യൂസ്മെന്റ് പാർക്ക് നിലനിൽക്കുന്നതു കൊണ്ട് അതിന്റെ വരുമാനം ആ പഞ്ചായത്തിനുതന്നെ നൽകണമെന്ന് പറയില്ല. ഫിനാൻസിൽ ഒരു അടിസ്ഥാന principle ആണ് externalities. ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കാര്യങ്ങൾക്ക് മറ്റു പഞ്ചായത്തുകളും പങ്കാളികളാകും. ഫണ്ട് ഡെവല്യൂഷൻ, ഒരു താലൂക്കാശുപത്രി മുനിസിപ്പാലിറ്റിയിലാണെങ്കിൽ ആ താലൂക്കാശുപത്രി മുനിസിപ്പാലിറ്റിയുടെ ചെലവിൽ പ്രവർത്തിക്കാൻ പാടില്ല. അഡീഷണൽ ഫണ്ട് കൊടുക്കാം. ഇതുപോലെതന്നെ നമ്മുടെ ബ്ലോക്കു പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും തനതായ വരുമാനമില്ല. സംസ്ഥാന സർക്കാർ കൊടുക്കുന്ന ഗ്രാന്റ് മാത്രമേയുള്ളൂ. എന്നാൽ ഒരു അമ്യൂസ്മെന്റ് പാർക്കുള്ള പഞ്ചായത്തിൽ 8–9 കോടി രൂപയാണ് വാർഷിക വരുമാനം. ഇന്ന് നിലനിൽക്കുന്ന നികുതി ഈടാക്കിക്കഴിഞ്ഞാൽ ബ്ലോക്കു പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഒരു വിഹിതം കൊടുക്കാം. തനതുവരുമാനം മുകൾ തട്ടിൽ കൊടുക്കാൻ പറ്റുന്ന ഏറ്റവും നല്ല വരുമാനമല്ലേ? അതാണ് നിങ്ങൾ എഴുതിത്തള്ളുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഞാൻ പൂർവ്വചരിത്രം

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കാമെന്ന്. ഒരു പ്രയാസവും ഇല്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്നപ്പോൾ ഇങ്ങനെ ഒരു നിർദ്ദേശം വന്നു. അന്ന് ശ്രീ. പാലോളി മുഹമ്മദ് കുട്ടി ഫയലിൽ എഴുതിയിരുന്നത് ഇത് നടപ്പാക്കണ്ടയെന്നാണ്. ശ്രീ. പ്രഭാ പട്നായ്ക്ക് അധ്യക്ഷനായ രണ്ടാം ധനകാര്യ കമ്മീഷനു മുൻപിൽ ഇത് വന്നു. അത് ഉൾപ്പെടുത്താൻ കഴിയില്ല എന്ന നിലപാടാണ് കമ്മീഷൻ എടുത്തത്. പരിശോധിക്കാതെയല്ല, പരിശോധിച്ചുകൊണ്ടുതന്നെ. ഇത് നമ്മുടെ നിയമസഭയിൽ വീണ്ടും തീയർന്നുവന്നിട്ടുണ്ട്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ വിഗാലാൻഡിനു മേൽ കുന്നത്തുനാട് പഞ്ചായത്ത് നികുതി ചുമത്തി. ആ നികുതി പിരിച്ചത് കൊടുക്കാൻ വിഗാലാൻഡ് വിസമ്മതിച്ചു. ആ തർക്കത്തിലാണ് ഈ ഫയൽ വീണ്ടും കുത്തിപ്പൊക്കിയത്.

ശ്രീ. മത്തായി ചാക്കോ : ശ്രീ. പാലൊളി മുഹമ്മദ്കുട്ടി ഇത് എടുക്കേണ്ടതില്ല എന്ന് ഫയലിൽ എഴുതി. അതിനുശേഷം വീണ്ടും ആരാണ് കുത്തിപ്പൊക്കിക്കൊണ്ടു വന്നത് ?

ഡോ. തോമസ് ഐസക് : ഇതിന് വീണ്ടും ജീവൻ വച്ചത് കുന്നത്തുനാട് പഞ്ചായത്തിന് നികുതി നൽകുന്നില്ല, അതിന് പിന്നിൽ അഴിമതിയുണ്ട്, നൽകേണ്ടതില്ല എന്ന സർക്കാർ ഉത്തരവിൽ അഴിമതിയുണ്ടെന്ന് ശ്രീ. ജയരാജൻ ഇവിടെ ആരോപണം ഉന്നയിച്ചു. ആ തർക്കം മുത്തുകഴിഞ്ഞപ്പോളാണ് ഓർഡിനൻസ് വേണമെന്ന നിർദ്ദേശം വന്നത്. 2002 ഡിസംബറിൽ ആണ് ഓർഡിനൻസിന്റെ കരടു രൂപം ഉണ്ടാക്കിയത്. ഓർഡിനൻസ് ഇറങ്ങാൻ താമസമുണ്ടായി. ഇതാണ് ഇതിന്റെ ചരിത്രം. ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഇത് അങ്ങയുടെ മേലുള്ള ഒരു കളങ്കമാകരുത്. ഇത് എന്താണെന്ന് അറിയാതെയാണ് ചർച്ചയ്ക്കെടുത്തത്. ഇത് സമൂലമായി മാറ്റണം. വേണമെങ്കിൽ ഇത് കോമ്പൗണ്ട് ചെയ്യാൻ വ്യവസ്ഥ കൊണ്ടു വന്നോളൂ. ഇപ്പോഴത്തെ ഈ രീതിവേണ്ട. അതുപോലെതന്നെ exemption എന്നുമുതൽ കൊടുക്കാം? വിഗാലാൻഡിന് പൂർവ്വകാല പ്രാബല്യത്തോടുകൂടിയുള്ള exemption ആണോ അല്ലെങ്കിൽ ഈ വർഷം മുതൽ അടുത്ത നാലുവർഷത്തേയ്ക്കുള്ള exemption ആണോ നൽകുക? ഈ വർഷം മുതലാണ് 80, 60, 40 വച്ച് കൊടുക്കുന്നതെങ്കിൽ ഇതിനുമുമ്പുള്ള 5-6 വർഷം പ്രവർത്തിച്ചല്ലോ, ആ കാലത്ത് പിരിച്ച നികുതി എന്തുചെയ്യും? ആ കാലത്ത് കുന്നത്തുനാട് പഞ്ചായത്ത് ടിക്കറ്റിനുമേലാണല്ലോ നികുതി വച്ചത്? അപ്പോൾ അതിന്റെ 80% ആണോ എഴുതിത്തള്ളാൻ പോകുന്നത്? അല്ലെങ്കിൽ ഈ റേറ്റിന്റെ 80% ആണോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനാധികാരത്തെക്കുറിച്ച് തീരുമാനമെടുക്കാനുള്ള അവകാശം ഈ നിയമസഭയ്ക്കുണ്ട്, നിർദ്ദേശം വയ്ക്കുന്നതിന് നമ്മുടെ എക്സിക്യൂട്ടീവുണ്ട്. പക്ഷേ അതിനുമുമ്പ് നമ്മൾ പാലിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാമാന്യ മര്യാദയുണ്ട്. അവരുമായി ചർച്ച ചെയ്യണം. Entertainment tax തിയേറ്ററിൽ നിന്നുമുള്ളത്, സിനിമാ വ്യവസായത്തിന് ഇൻസെന്റീവ് നൽകണമെങ്കിൽ ഒരുപക്ഷേ അത് വേണ്ടിവന്നേക്കാം, ഞാനത് തള്ളിക്കളയുന്നില്ല. പക്ഷേ അത് ഏതെങ്കിലും മുനിസിപ്പാലിറ്റിയുമായി, കോർപ്പറേഷനുമായി, പഞ്ചായത്തുമായി ചർച്ച ചെയ്യണം. ഏകപക്ഷീയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചു കൊണ്ടിരിക്കുന്ന നികുതി സർക്കാർ ഇളവ് ചെയ്യുകയാണ്. വേറെ ഒന്നുമില്ലെങ്കിലും State Development Council ഉണ്ടല്ലോ, എന്നാണ് State Development Council കഴിഞ്ഞ പ്രാവശ്യം യോഗം ചേർന്നതെന്ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പറയണം. ഒരൊറ്റ പ്രാവശ്യമേ ചേർന്നിട്ടുള്ളൂ. ഈ State Development Council ചർച്ച ചെയ്യണ്ടേ? ഇങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള ധനകാര്യത്തെ ബാധിക്കുന്ന പ്രശ്നം ഞങ്ങൾ കൈകാര്യം ചെയ്യാൻ പോകുന്നു, നിങ്ങളുടെ അഭിപ്രായം എന്താണ്? ചോദിച്ചിട്ടുണ്ടോ? അത് ശരിയല്ല. അതുകൊണ്ട് ഈ ബിൽ ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടാൻ പാടില്ല. സെലക്ട് കമ്മിറ്റിക്ക് അല്ലെങ്കിൽ പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി സർക്കുലേറ്റുചെയ്ത് ജനങ്ങളുടെ നിലപാടുകൾ, അഭിപ്രായങ്ങൾ, അറിഞ്ഞതിനുശേഷം മാത്രമേ ഇത് നമ്മുടെ സഭ പരിഗണിക്കാൻ പാടുള്ളൂ. നിയമത്തിലുള്ള പ്രശ്നങ്ങൾ, സാങ്കേതിക നൂലാമാലകൾ തീർത്തതുകൊണ്ട് പ്രശ്നം അവസാനിക്കില്ല. നമ്മൾ വളരെയേറെ അധികാര വികേന്ദ്രീകരണത്തിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി മന്ത്രിയായിരിക്കുമ്പോൾ ഒരു കാൽ നമ്മൾ പുറകോട്ടുവയ്ക്കുന്ന നിലയാണ് ഈ ബിൽമൂലം വന്നിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : Sir, I move that The Kerala Local Authorities Entertainment Tax (Amendment) Bill, 2005 be referred to a Select Committee. നമ്മുടെ സംസ്ഥാനത്ത് അമ്യൂസ്മെന്റ് പാർക്കുകൾ ഒന്നിനുപിന്നാലേ ഓരോ പഞ്ചായത്തുകളിലും നഗരസഭകളിലും വളർന്നുവന്നാൽ മാത്രമേ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനമുണ്ടാക്കാൻ കഴിയുകയുള്ളൂ. അപ്പോൾ സർക്കാർ മുതൽ മുടക്കുമ്പോൾ, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ഇതുപോലുള്ള സ്ഥാപനങ്ങൾ ഇവിടെ സ്ഥാപിക്കുമ്പോൾ, സ്വാഭാവികമായും ഭാരിച്ച സാമ്പത്തിക ബാധ്യത വരുമ്പോൾ, അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്താൽ മാത്രമേ ഇതുപോലുള്ള കൂടുതൽ സ്ഥാപനങ്ങൾ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കേണ്ടതുമുണ്ട്. ഒട്ടേറെ

LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങൾ നടന്നുവരുന്ന ഈ കാലഘട്ടത്തിൽ നമുക്കറിയാം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുപോലുള്ള വിനോദ നികുതികളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും നികുതി വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അപ്പോൾ ഇതുരണ്ടും ഒരുപോലെ നമുക്ക് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ സദുദ്ദേശ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഇത്തരത്തിലുള്ള ഒരു ബിൽ ഇവിടെ കൊണ്ടുവന്നത്. ഇതിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചില ആശങ്കകൾ ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ആ ആശങ്കകൾ ദൂരീകരിക്കാനും ചർച്ച ചെയ്യാനും അത് കൂറ്റമറ്റതാക്കാനുമുള്ള വളരെയേറെ സമയമുണ്ട്.. അതുകൂടാതെതന്നെ സർക്കാർ ഒരു ഗസറ്റ്. വിജ്ഞാപനം വഴി അമ്യൂസ്മെന്റ് പാർക്കുകൾ ഇനംതിരിക്കുന്നതിന്റെ ആവശ്യത്തിനും പാർക്കുകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും ഓരോ മൂന്നുവർഷത്തിലും നികുതി ഘടന പുനരവലോകനം ചെയ്യുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. അതിൽ തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി (നഗരം സംബന്ധിച്ചത്), ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് (ഗ്രാമം സംബന്ധിച്ചത്), ഗവൺമെന്റ് സെക്രട്ടറി, ധനകാര്യം (എക്സ്പെൻഡിച്ചർ), ഗവൺമെന്റ് സെക്രട്ടറി വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥൻ, ഒരു സ്ട്രക്ച്ചറൽ എഞ്ചിനീയർ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ എന്നിവർ അടങ്ങിയ ഒരു ഉപദേശകസമിതി രൂപീകരിക്കാവുന്നതാണ്. അപ്പോൾ സ്വാഭാവികമായും മൂന്നുവർഷത്തിലൊരിക്കൽ ഇതിൽ എന്തെങ്കിലും മാറ്റം വരുത്തി നമ്മുടെ ആശങ്കകൾ ഒഴിവാക്കാനും അതുപോലെതന്നെ കൂറ്റമറ്റതാക്കാനും സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നികുതി ചോർച്ചയും അതുപോലെതന്നെ കുറവും ഇതുമൂലം നമുക്ക് പ്രായോഗികതലത്തിൽ മാറ്റം വരുത്താവുന്നതാണ്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്ത് ഇതിലാവശ്യമായ മാറ്റങ്ങളും തിരുത്തുകളും വരുത്തി ഇതുപോലുള്ള അമ്യൂസ്മെന്റ് പാർക്കുകൾ കൂടുതലായി നമ്മുടെ സംസ്ഥാനത്ത് വികസിപ്പിച്ചെടുക്കുവാനും അതുപോലെ സ്ഥാപിക്കുവാനും അതോടൊപ്പംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കണം. അതിന് ഈ ബിൽ ഉപകരിക്കുമെന്ന് ഞാൻ കരുതുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, ഇവിടെ പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കാൻ ഒരു ഉദ്ദേശ്യവുമില്ല. പഞ്ചായത്തുകളുടെ വരുമാനം കുറയ്ക്കാനുള്ള ഉദ്ദേശ്യവുമില്ല. നിയമത്തിൽ ഇവിടെ ചില confusions ഉണ്ടെന്നുപറയുന്നു. അത് ബോധപൂർവ്വം confusion ഉണ്ടാക്കാൻ ശ്രമിച്ചതാണ്. ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഉന്നയിച്ചത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷനിൽ ഏതെങ്കിലും കാര്യങ്ങൾ പറയുമ്പോൾ ആ സെക്ഷനിൽ 3(എ)യും 3-ഉം 4-ഉം ബാധകമല്ലെന്നുപറഞ്ഞാൽ ഒരു ബില്ലിൽ നിന്നും 3(എ)യും 3-ഉം 4-ഉം എടുത്തുകളയുന്നു എന്നല്ല. ആ സെക്ഷനെ സംബന്ധിച്ചിടത്തോളം ബിൽ നടപ്പാക്കുമ്പോൾ ഈ 3(എ)യും 3-ഉം 4-ഉം ബാധകമല്ലെന്നാണ് പറയുന്നത്. ഈ നിയമം നടപ്പാക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ചുരുങ്ങിയ വാക്കുകളിൽ ഈ സഭയെ അറിയിക്കേണ്ടതുണ്ട്. ഇവിടെ ചില ആളുകൾ ഞാൻ എന്തോ പഞ്ചായത്തുകളുടെ വരുമാനം കവർന്നെടുക്കുന്നു, വരുമാനം കട്ടെടുക്കുന്നു, വീഗാലാൻഡിന് അനുകൂലമായ നിലപാട് എടുക്കുന്നു എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഇത് തുടങ്ങുന്നത് ഞാൻ ഏറെ ബഹുമാനിക്കുന്ന ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ കാലത്താണ്. The Veega Holidays and Park Limited may be informed that their request for the deduction in entertainment tax rate is under consideration of the Committee of the Secretaries constituted for studying in the proposed amendment to the Entertainment Tax Act. അവിടെനിന്നുമാണ് ഇത് തുടങ്ങുന്നത്. അത് 12-2-2001-ലുള്ളതാണ്. അന്നത്തെ നമ്മുടെ Minister for Local Self Government ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയാണ്. ഇത് വേണ്ടെന്നല്ല ഇതിൽ എഴുതിയതായിട്ട് കാണുന്നത്. ഇത് കമ്മിറ്റി പഠിച്ചു കൊണ്ടിരിക്കുകയാണെന്നാണ്. അതു കഴിഞ്ഞയുടൻ മേയിൽ ഇലക്ഷൻ നടക്കുന്നു, പുതിയ ഗവൺമെന്റ് വരുന്നു, അവരും ഈ കാര്യത്തെക്കുറിച്ച്, അമ്യൂസ്മെന്റ് പാർക്കുമായി ബന്ധപ്പെട്ട് അമെന്റ്മെന്റ് വേണമോ വേണ്ടയോ എന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതിന് സെക്രട്ടറിമാരുടെ കമ്മിറ്റിയെ ഏർപ്പെടുത്തുകയാണ്. ഞങ്ങളുടെ ഗവൺമെന്റും സെക്രട്ടറിമാരെ ഏർപ്പെടുത്തി. ഈ അമ്യൂസ്മെന്റ് പാർക്കും അതുപോലുള്ള കാര്യങ്ങളുമൊക്കെ ഇവിടെ വരണം, അവർ ഇവിടെനിന്നും പോകരുത്, അവർക്കു വേണ്ട ചില ഇളവുകളൊക്കെ ചെയ്യണം, അത് ഇൻഡസ്ട്രിയായി കണക്കുകൂട്ടണം, ടൂറിസവുമായി ബന്ധപ്പെട്ട് ഇതിന് ചില ഇളവുകളൊക്കെ കൊടുക്കണമെന്നും പറഞ്ഞ് ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ മുമ്പിൽ വരികയാണ്. ഈ ഗവൺമെന്റ് ഉണ്ടാക്കിയ കമ്മിറ്റിയിൽ ഇത് വരികയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കമ്മിറ്റിയുടെ തുടർച്ചയാണ് ഈ ഗവൺമെന്റിന്റെ കമ്മിറ്റി.

ഇതൊരു കാര്യമാണ്. ആ കമ്മിറ്റി പറഞ്ഞത് എന്റർടൈൻമെന്റ് ടാക്സ് ആക്ട് (3) പ്രകാരം അന്ന് 15 അല്ല, 24 മുതൽ 48 ശതമാനം വരെ ടാക്സ് ചുമത്താനുള്ള അധികാരം പഞ്ചായത്തുകൾക്ക് വരുന്നു. അപ്പോൾ വീഗാലാന്റ് കോടതിയിൽ പോയി. അവർ കോടതിയിൽ പോയപ്പോൾ സിംഗിൾ ബഞ്ച് പഞ്ചായത്തിനു അനുകൂലമായി വിധിച്ചു. എന്നാൽ ഡിവിഷൻ ബഞ്ച് പറഞ്ഞു ഇങ്ങനെ പഞ്ചായത്തിന് ടാക്സ് ചുമത്താനുള്ള അധികാരം ഇല്ല എന്ന്. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വീണ്ടും

ഇതിനെക്കുറിച്ച് ആലോചിക്കുകയും ..... (ബഹളം) ..... എന്റർടൈൻമെന്റ് ടാക്സ് ആക്ടിൽ അമ്യൂസ്മെന്റ് പാർക്കിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അമ്യൂസ്മെന്റിനെക്കുറിച്ചാണ് പറഞ്ഞത്. 3(എ) പറയുന്നത് ഇൻഡോർ ആക്ടിവിറ്റിയെക്കുറിച്ചാണ്. സീറ്റിംഗ് കപ്പാസിറ്റിയെക്കുറിച്ചാണ്. അമ്യൂസ്മെന്റ് പാർക്കെന്നു പറയുന്നത് ഔട്ട്ഡോർ ആക്ടിവിറ്റിയാണ്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്റർടൈൻമെന്റ് ആക്ടിൽ ശരിക്കും അമെന്റ്മെന്റ് കൊണ്ടുവരേണ്ടതുണ്ടെന്ന് ഗവൺമെന്റിനും കമ്മിറ്റിക്കും ബോദ്ധ്യമാകുകയുണ്ടായി.

ഡോ. തോമസ് ഐസക്: അതാണ് പ്രശ്നമെങ്കിൽ ആ ഡെഫനിഷൻ ക്ളാസ്സിൽ ഒരു ഭേദഗതി വരുത്തി ഇനിമേൽ ഈ അമ്യൂസ്മെന്റ് പാർക്കുകൂടി അമ്യൂസ്മെന്റ് എന്നുള്ള നിർവ്വചനത്തിൽപ്പെടും എന്നു പറഞ്ഞാൽ പോരെ, പ്രശ്നം തീരില്ലേ? ഇവിടെ അതല്ല പ്രശ്നം. നികുതി കുറയ്ക്കണം.

ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി: നികുതി ചുരുക്കണമെന്നുള്ള ഒരു ഉദ്ദേശവുമില്ല. രണ്ടു കാര്യം ഇവിടെയുണ്ട്. ഒന്ന്, കോടതി ഉത്തരവ് പ്രകാരം ഈ പഞ്ചായത്തുകൾക്ക് നികുതി പിരിക്കാൻ കഴിയാത്ത ഒരു അവസ്ഥ വന്നിരിക്കുന്നു. രണ്ട്, കൂടുതൽ നികുതി ഈടാക്കുന്നതുകൊണ്ട് ഇവിടെ നിന്നും വ്യവസായങ്ങളും ടൂറിസ്റ്റ് ആക്ടിവിറ്റികളും ഓടിപ്പോകരുത്. പഞ്ചായത്തുകൾക്ക് നികുതി കിട്ടണം, അതോടൊപ്പം നമ്മൾ അമിതമായി അവരുടെ മേൽ നികുതി ചുമത്തി, അവർ ഇവിടെ നിന്നും ഓടിപ്പോയാൽ ഒന്നും കിട്ടാത്ത അവസ്ഥ വരും. കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എനിക്ക് എഴുതിയ കത്തുകൂടി ഞാൻ ഇവിടെ വായിക്കാം. അതിലെ പ്രസക്തമായ ചില ഭാഗങ്ങൾ ഇവിടെ വായിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാതെ പഞ്ചായത്തിന് എതിരായിട്ടല്ല ചെയ്യുന്നത്. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ തീരുമാനമാണ്. "കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ 2000 ഏപ്രിൽ മാസത്തിൽ വീഗാ ഹോളിഡെയ്സ് ആന്റ് പാർക്ക് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച അമ്യൂസ്മെന്റ് പാർക്ക്, വീഗാലാന്റിന് വിനോദ നികുതി ആക്ടു പ്രകാരം നിയമാനുസൃതമായി വിനോദ നികുതി ചുമത്തുകയും അതു പഞ്ചായത്തിൽ അടയ്ക്കുന്നതിനുവേണ്ടി നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഇതിനെ വീഗാലാന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. സിംഗിൾ ബഞ്ചിന്റെ വിധി പഞ്ചായത്തിനു അനുകൂലമായിരുന്നു. ഈ വിധിക്കെതിരെ വീഗാലാന്റ് അപ്പീൽ നൽകുകയും പഞ്ചായത്തിന് അനുകൂലമായുണ്ടായ സിംഗിൾ ബഞ്ചിന്റെ വിധി ഡിവിഷൻ ബഞ്ച് അസ്ഥിരപ്പെടുത്തുകയും പഞ്ചായത്തിനെതിരെ വിധി പ്രസ്താവിക്കുകയുമുണ്ടായി. പഞ്ചായത്ത് സുപ്രീംകോടതിയിൽ ഈ വിധിക്കെതിരെ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും അത് സുപ്രീം കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ അവസരത്തിലാണ് ബഹുമാനപ്പെട്ട കേരള സർക്കാർ 1961-ലെ കേരള തദ്ദേശഭരണ സ്ഥാപന വിനോദ നികുതി ആക്ടിൽ അനുയോജ്യമായ ഭേദഗതി വരുത്തുന്നതിനു തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 11-ാം കേരള നിയമസഭയിൽ അതിനുവേണ്ടി അവതരിപ്പിക്കുന്ന ബിൽ നമ്പർ 208 ആയി 2004-ലെ കേരള തദ്ദേശഭരണ സ്ഥാപന വിനോദ നികുതി ബിൽ തയ്യാറാക്കി. വിനോദ നികുതി തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രധാന ഉറവിടമായതുകൊണ്ടും ഈ മേഖലയിൽ നികുതി ചുമത്തൽ സംബന്ധിച്ച് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനം ആവശ്യമായതുകൊണ്ടും ഓരോ വിഭാഗം അമ്യൂസ്മെന്റ് പാർക്കിനും തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കേണ്ട നികുതി നിരക്ക് നിർദ്ദേശിച്ചുകൊണ്ട് 1961-ലെ കേരള തദ്ദേശഭരണസ്ഥാപന വിനോദ നികുതി ആക്ടിൽ അനുയോജ്യമായ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്നും ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി ബിൽ എന്നുമാണ് ഞങ്ങൾ ഉദ്ദേശ കാരണങ്ങളിൽ പറഞ്ഞിട്ടുള്ളത്. ഈ പുതിയ ഭേദഗതി ബിൽ 3 (ബി) ആയി കൂട്ടിച്ചേർത്തിട്ടുള്ള അമ്യൂസ്മെന്റ് പാർക്ക് വിനോദ നികുതി വ്യവസ്ഥകൾ പ്രകാരം മുതൽ മുടക്കും വിസ്തീർണ്ണവും കണക്കാക്കി നാലു വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ ഓരോ വിഭാഗത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ച വിനോദ നികുതിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ട്. 15-9-2004-ൽ വീഗാ ഹോളിഡേയ്സ് ആന്റ് പാർക്ക് ലിമിറ്റഡിനുവേണ്ടി ഡയറക്ടർ ശ്രീ. ജയരാജ് ഈ കമ്മിറ്റിക്കു സമർപ്പിച്ച അപേക്ഷയിൽ, വീഗാലാന്റ് ഇരുപത് കോടി രൂപയും അതിന് മുകളിലും എന്നാൽ അൻപത് കോടി രൂപയിൽ താഴെ മുതൽ മുടക്കും ആറ് ഹെക്ടറും അതിന് മുകളിലും എന്നാൽ പത്ത് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള പ്രദേശവും എന്നും, ആയതിനാൽ സി ഗ്രേഡ് വിഭാഗത്തിൽപ്പെടും എന്നറിയിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രതിവർഷം പഞ്ചായത്തിന് ആ തീരുമാനത്തിനു വിധേയമായി 37.5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ വിനോദ നികുതി അടയ്ക്കേണ്ടതായി വരുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ തനതു വരുമാനം വളരെ കുറവായതിനാൽ പലപ്പോഴും മൈനസ്സ് ഫണ്ടിലാണ് പഞ്ചായത്ത് മുന്നോട്ടു പോകുന്നത്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. നിർദ്ദിഷ്ട വിനോദ നികുതി ബിൽ പാസ്സായാൽ വീഗാലാന്റിൽ നിന്നും ഈ വർഷം തന്നെ ഏകദേശം ഒന്നരക്കോടി രൂപ പഞ്ചായത്തിനു ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട വിനോദ നികുതി ഭേദഗതി സംബന്ധിച്ച് അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് ഐകകണ്ഠ്യേന അപേക്ഷിക്കുന്നു എന്ന് പ്രസിഡന്റ്, കുന്നത്തുനാട് പഞ്ചായത്ത്." എല്ലാ കമ്മിറ്റി അംഗങ്ങളും അതിൽ ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഇതും കൂടി ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുക്കേണ്ടതുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ പഞ്ചായത്തിന് ഒന്നും കിട്ടുന്നില്ല. അതു കിട്ടാനുള്ള ഒരു സംവിധാനമെന്നുള്ള നിലയ്ക്ക് ഈ ബിൽ പാസ്സാക്കി ഏതെങ്കിലും നിലയിൽ പഞ്ചായത്തുകൾക്ക് കാശുണ്ടാക്കിക്കൊടുക്കണം. ഒരു പഞ്ചായത്തു മന്ത്രി എന്നുള്ള നിലയിൽ എനിക്ക് അങ്ങനെ ആഗ്രഹിച്ചുകൂടെ?

ഡോ. തോമസ് ഐസക്: അങ്ങേയ്ക്ക് തീർച്ചയായും അതാഗ്രഹിക്കാം. അതു ന്യായം തന്നെയാണ്. കുന്നത്തുനാട് പഞ്ചായത്തും വീഗാലാന്റുമായിട്ടുള്ള പ്രശ്നമല്ല ഇവിടെ ചർച്ച ചെയ്യുന്നത്. കേരളത്തിൽ ഏറ്റവും വേഗത്തിൽ വളർന്നു കൊണ്ടിരിക്കുന്ന വിനോദ ഉപാധികളും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം, ഇതിൽ കുന്നത്തുനാട് പഞ്ചായത്തിന്റെ പ്രശ്നമെന്താണ്? അവരുടെ ടേം അവസാനിക്കാൻ പോകുന്നു. കഴിഞ്ഞ അഞ്ചു വർഷമായിട്ടുള്ള കുടിശ്ശിക എത്ര വച്ചിട്ടാണെങ്കിലും അതു കിട്ടിക്കഴിഞ്ഞാൽ അത്രയ്ക്ക് നന്ന്. അതാണ് അവരുടെ നിലപാട്. സംസ്ഥാനം ഇവിടെ ഒരു നിയമമുണ്ടാക്കുമ്പോൾ അതു മാത്രം നോക്കിയിട്ട് ഒരു നിയമം ഉണ്ടാക്കുന്നതു ശരിയാണോ? അതിനേക്കാൾ വിശാലമായിട്ടുള്ള താല്പര്യങ്ങൾ നോക്കണ്ടേ? ഇവിടെ തന്നെ അമ്യൂസ്മെന്റ് പാർക്ക്, സിംഗിൾ ബഞ്ച് വിധിയെ ചോദ്യം ചെയ്ത് ഫുൾ ബഞ്ചിൽ പോയി. അമ്യൂസ്മെന്റ് പാർക്ക് മാനേജർ പഞ്ചായത്തിൽ ചെന്ന് പറയുകയാണ് ഞങ്ങൾ സി–ഗ്രേഡിൽ പെടുന്നതാണ്, അതു വച്ച് ഇത്രയാണ് നികുതി, ഞങ്ങൾ ഇപ്പോൾ തന്നെ തന്നേയ്ക്കാം എന്നു പറയുന്നതു തന്നെ ആർക്കു വേണ്ടിയിട്ടാണ് ഈ നിയമനിർമ്മാണമെന്നത് വളരെ വ്യക്തമാകുന്ന കാര്യമല്ലേ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അങ്ങേയ്ക്ക് ഇഷ്ടമുള്ളതുപോലെ വ്യാഖ്യാനിച്ചാൽ എനിക്ക് ഒന്നും പറയാനില്ല. ഇവിടെ പഞ്ചായത്തിന്റെ റിക്വസ്റ്റ് കൂടി എനിക്കു കണക്കിലെടുക്കണം. ഇവിടെ അങ്ങു പറഞ്ഞ വേറൊരു കാര്യം, ഒരു പഞ്ചായത്തിലുള്ള വാട്ടർ പാർക്കോ അമ്യൂസ്മെന്റ് പാർക്കോ ആ പഞ്ചായത്തിനു മാത്രം അവകാശപ്പെട്ടതല്ല, ബ്ലോക്കു പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനുമൊക്കെ കൊടുക്കണമെന്നുള്ളതാണ്. അതു സഭ ഒന്നിച്ച് ചർച്ച ചെയ്യേണ്ടതാണ്. അതു നമുക്ക് പരിശോധിക്കാം. ഈ ബില്ലിന്റെ ഉദ്ദേശം ഞാൻ പറഞ്ഞു. ഏതു തരത്തിലുള്ള സ്ഥാപനങ്ങളും കേരളത്തിൽ മൊത്തത്തിൽ വീതിക്കണമെന്നു പറഞ്ഞാൽ, എനിക്ക് ഓർമ്മ വരുന്നത് അമേരിക്ക പറഞ്ഞ ഒരു അഭിപ്രായമാണ്. ലോകത്തിന്റെ മുഴുവൻ പ്രകൃതി സമ്പത്താണ് എണ്ണ. അതുകൊണ്ട് അതു ലോകത്തിനു മുഴുവൻ വീതിക്കണം, ഇറാനും ഇറാക്കിനും മാത്രം വീതിക്കേണ്ടതല്ല, മിഡിൽ ഈസ്റ്റിനു മാത്രം വീതിക്കേണ്ടതല്ല. അതുപോലെ ഒരു അമേരിക്കൻ വാദമാണ് ഇതു കേട്ടപ്പോൾ എനിക്ക് ഓർമ്മ വരുന്നത്. ആ പഞ്ചായത്തിന് ആകെ ഉണ്ടാകുന്ന ഒരു വരുമാനമാണ്

LIBRARY ARCHIVES Kerala Legislative Assembly

അമ്യൂസ്മെന്റ് പാർക്ക്. അതു ലോകം മുഴുവൻ വീതിക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ്? ..... (ബഹളം) ..... രണ്ട് ഉദ്ദേശമാണ് ഇതിന്റെ പിന്നിലുള്ളത്. പഞ്ചായത്തിന് ഹൈക്കോടതിയുടെ തീരുമാനപ്രകാരം കിട്ടാത്ത ഒരു വരുമാനം കിട്ടാൻ വേണ്ടി ശ്രമിക്കണം. നിശ്ചിതമായ ഏതെങ്കിലും നിലയിലുള്ള വരുമാനം പഞ്ചായത്തുകൾക്കുണ്ടാകണം. ഇവിടെ നിന്നും മറ്റുള്ളവർ ഓടിപ്പോകാനും പാടില്ല. ഇവിടെ ടൂറിസവും വ്യവസായവും വളരണം.

ശ്രീ. കെ. സി. ജോസഫ്: കണ്ണൂർ ജില്ലയിൽ മാർക്സിസ്റ്റു പാർട്ടി മുൻകൈ എടുത്ത് ആരംഭിക്കാൻ പോകുന്ന ..... (ബഹളം) .....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ ഡോ. തോമസ് ഐസക്കിന് വഴങ്ങിയില്ല? ഇനി ഇപ്പുറത്തും ഒരാൾക്കു വഴങ്ങണ്ടേ?

ശ്രീ. കെ. സി. ജോസഫ്: കണ്ണൂർ ജില്ലയിൽ അവിടത്തെ പരമ്പരാഗത വ്യവസായങ്ങൾ തകരുമ്പോൾ, മാർക്സിസ്റ്റ് പാർട്ടി ആരംഭിക്കാൻ പോകുന്ന അമ്യൂസ്മെന്റ് പാർക്കിന് ഈ ബില്ലിലെ വ്യവസ്ഥകൾ ദോഷകരമാകുമെന്നുള്ള ഭയപ്പാടല്ലേ ഈ അങ്കലാപ്പിനു കാരണം?

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതിനോടൊന്നും ഞാൻ ഇപ്പോൾ പ്രതികരിക്കുന്നില്ല വിനോദ സഞ്ചാര വ്യവസായമടക്കമുള്ളതിൽ സഹകരണ മേഖല ഇടപെടേണ്ട കാര്യം തന്നെയാണ്. ഇവിടെ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. ഈ പ്രവേശനത്തിനുമേൽ ആണ് നികുതിയെങ്കിൽ ഇപ്പോൾ സി-ഗ്രേഡിൽ പെടുമെന്ന് പറയുന്ന ആ സ്ഥാപനം വർഷംതോറും ആറ്, ഏഴ് കോടി രൂപ നികുതി നൽകേണ്ടതായി വരും. അപ്പോൾ ഒരു ഗ്രാമ പഞ്ചായത്തിന് ഇത്രയും തുക ആറ്, ഏഴ് കോടി രൂപ കിട്ടണമോയെന്നുള്ള ഒരു ചോദ്യം നിങ്ങളുടെ അവതരണത്തിലുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇങ്ങനെ ലാഭം എന്നുണ്ട് കിട്ടുകയാണെങ്കിൽ ആ ഗ്രാമപഞ്ചായത്തിനു മാത്രമല്ല അതിന്റെ ബ്ലോക്ക്, ജില്ല കൂടി പരിഗണിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* കോടിക്കണക്കിന് രൂപ പഞ്ചായത്തിന് കിട്ടണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ: ഗ്രാമപഞ്ചായത്തിന് കോടിക്കണക്കിന് രൂപ വരുമാനം കിട്ടുന്നതിനെ ന്യായമായി പിൻതുണയ്ക്കുന്ന ഒരാളായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുകയാണ്. നേരത്തെ വീഗാലാന്റ് കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുക്കേണ്ടതില്ലെന്നുള്ള നിലപാട് നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റിന്റെ കൗണ്ടർ അഫിഡവിറ്റിൽ ഹൈക്കോടതി സ്വീകരിച്ചിരുന്നു. അത് തിരുത്തി ആ നികുതി കുടിശ്ശിക അവർക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അക്കാര്യം പരിശോധിക്കാം. അതെന്താണെന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ അവസാനിപ്പിക്കുകയാണ്. ഇപ്പോൾ സമയം മൂന്നുമണിയായി. വളരെ ഉദ്ദേശ ശുദ്ധിയോടുകൂടി അവതരിപ്പിച്ച ഒരു ബില്ലാണിത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഒരു കാര്യം എനിക്ക് പറയുവാനുള്ളത് എനിക്കോ എന്റെ പാർട്ടിക്കോ തീം പാർക്കോ, അമ്യൂസ്മെന്റ് പാർക്കോ ഇല്ല. അങ്ങനെയൊരു സംശയമുണ്ടെങ്കിൽ അത് മാറ്റണം. എന്റെ പാർട്ടിയും ഇതുമായി യാതൊരു ബന്ധവുമില്ല. അവരെ സഹായിക്കേണ്ട കടമയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക കിട്ടണമെന്ന ആഗ്രഹമുള്ള ഒരാളാണ് ഞാൻ. പഞ്ചായത്തുകളുടെ വരുമാനം കുറയ്ക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല. ആവശ്യമായ ഭേദഗതികൾ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിൽ വരുത്താം. ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു ഞാൻ മന്ത്രിയായതിനുശേഷം എന്തൊക്കെയോ കുറച്ചുവെന്ന്. പക്ഷെ ഞാൻ മന്ത്രിയായതിനുശേഷം നാല് വർഷത്തിനുള്ളിൽ ആദ്യമായി മെയിന്റനൻസ് ഗ്രാന്റും, ജനറൽ പർപ്പസ് ഗ്രാന്റും കൊടുത്തു. 2000-ലെ പ്രഭാത് പട്നായിക് കമ്മീഷൻ പറഞ്ഞിട്ട് നിങ്ങൾ 2000-ൽ കൊടുത്തില്ല. അത് ഇപ്പോൾ കൊടുക്കാൻ കഴിഞ്ഞു. അതുപോലെ ഡോ. തോമസ് ഐസക് ഇവിടെ ആവശ്യപ്പെട്ട പ്രകാരം കൃഷി ഓഫീസർ 85 ശതമാനം വരെയെങ്കിലും ജൂൺ മാസംവരെ നീട്ടിക്കൊടുക്കാൻ കഴിഞ്ഞു. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽപ്പോലും പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കാനുള്ള ശ്രമത്തിലാണ് ഞാൻ. അതുകൊണ്ട് നിങ്ങൾക്ക് മറ്റെന്തെങ്കിലും അഭിപ്രായങ്ങളുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ പറയാം. ഇക്കാര്യത്തിൽ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. പഞ്ചായത്തുകൾക്ക് ഏതെങ്കിലും തരത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആ നഷ്ടം നികത്തി പ്രായോഗികമായ രീതിയിൽ ഈ ബിൽ കുറ്റമറ്റതാക്കിത്തീർക്കാം. വീഗാലാന്റിനോടോ മറ്റുള്ളവരോടോ അല്ല എന്റെ കടപ്പാട്. എന്റെ കടപ്പാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും സഭയോടുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ സാധിക്കുമെങ്കിലും വരുത്തുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ ..... നിരാകരണ പ്രമേയം നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ഡോ. തോമസ് ഐസക് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. തോമസ് ഐസക് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 2 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ടി. അഹമ്മദ് അലി : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർടയിൻമെന്റ് സ് ടാക്സ് അമന്റ്മെന്റ് ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീ എം. വി. ജയരാജൻ : ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രാവിലെ നിരാകരണ പ്രമേയം .....

LIBRARY ARCHIVES Kerala Legislative Assembly

VI. അറിയിപ്പ്

മി. സ്പീക്കർ : നാളെ പറയാം. 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ കൂടി ഇന്ന് പരിഗണനയ്ക്ക് വരേണ്ടതാണ്. സമയമായതുകൊണ്ട് ഇന്നെടുക്കുന്നില്ല. നാളെ ഫസ്റ്റ് ബില്ലായിട്ട് ഇത് എടുക്കും.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.05-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly